2023
OCTOBER
12
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ഇസ്രയേലിൽ നിന്ന് ഇന്ത്യക്കാരെ ഒഴിപ്പിക്കും; ഓപ്പറേഷൻ അജയ് ദൗത്യവുമായി ഇന്ത്യ



**ന്യൂഡൽഹി:** ഇസ്രയേൽ പലസ്തീൻ സംഘർഷം രൂക്ഷമായ സാഹചര്യത്തിൽ ഇസ്രയേലിൽ നിന്ന് ഇന്ത്യക്കാരെ ഒഴിപ്പിക്കാൻ ഇന്ത്യ. ഓപ്പറേഷൻ അജയ് എന്ന പേരിലാണു ദൗത്യം. ഓപ്പറേഷൻ അജയ്!യിലൂടെ ഇസ്രയേലിൽ നിന്നും പ്രത്യേക വിമാനത്തിൽ ഇന്ത്യക്കാരെ തിരികെ എത്തിക്കും. കേന്ദ്ര വിദേശകാര്യമന്ത്രി എസ്.ജയശങ്കറാണ് വിവരം എക്സ് പ്ലാറ്റ്ഫോമിലൂടെ (ട്വിറ്റർ) അറിയിച്ചത്.

മടങ്ങാൻ റജിസ്റ്റർ ചെയ്തവരുടെ പട്ടിക തയാറെന്നും അവരെ ഇന്ന് ഇന്ത്യയിലേക്കുള്ള ആദ്യ പ്രത്യേക വിമാനത്തിൽ എത്തിക്കുമെന്നും എംബസി അറിയിച്ചു. 18000 ഇന്ത്യക്കാരാണ് ഇസ്രയേലിൽ കഴിയുന്നത്.

അതേസമയം പലസ്തീൻ അതിർത്തികളിൽ 17 ഇന്ത്യൻ പൗരന്മാർ കുടുങ്ങിയതായാണു വിവരം. ഇതിൽ നാലുപേർ സംഘർഷം ഏറ്റവും അധികം രൂക്ഷമായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഗാസയിലാണ് കുടുങ്ങിയിട്ടുള്ളത്. 13 പേർ വെസ്റ്റ് ബാങ്കിലാണുള്ളതെന്നും റെപ്രസന്റേറ്റീവ് ഓഫീസ് ഓഫ് ഇന്ത്യ (ആർഒഐ) മനോരമ ഓൺലൈനിന്റെ ഇംഗ്ലിഷ് പതിപ്പായ ഓൺമനോരമയോടു പ്രതികരിച്ചു. ഗാസയിലുള്ളവർ ആരും തന്നെ മലയാളികളല്ല. ഇതുവരെയായി ഗാസയിലുള്ള ഒരാൾ മാത്രമാണ് സഹായത്തിനായി ബന്ധപ്പെട്ടിട്ടുള്ളതെന്നും ആർഒഐ വ്യക്തമാക്കി. ഇസ്രയേൽ പലസ്തീൻ സംഘർഷം ആരംഭിച്ചപ്പോൾ മുതൽ തന്നെ ഇസ്രയേലിലേയും പലസ്തീനിലേയും ഇന്ത്യൻ പൗരന്മാർക്കായി സുരക്ഷാമുൻകരുതൽ സ്വീകരിക്കണമെന്ന് ആർഒഐ നിർദേശിച്ചിരുന്നു.

## അടുത്ത സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ വളർച്ച കൂടും; ഐ എം എഫ്

**മുംബൈ:** അടുത്ത സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ വളർച്ച കൂടും; ഐ എം എഫ്. ഏപ്രിൽജൂൺ പാദത്തിൽ പ്രതീക്ഷിച്ചതിലും ശക്തമായ ഉപഭോഗം ചൂണ്ടിക്കാട്ടി അന്താരാഷ്ട്ര നാണയ നിധി 2024 സാമ്പത്തിക വർഷത്തിലെ ഇന്ത്യയുടെ വളർച്ചാ പ്രവചനം നേരത്തെ കണക്കാക്കിയ 6.1ശതമാനത്തിൽ നിന്ന് 6.3ശതമാനം ആയി ഉയർത്തി. ഇന്റർനാഷണൽ മോണിറ്ററി ഫണ്ട് (കങഎ) 202324 ലെ ഇന്ത്യയുടെ ജിഡിപി വളർച്ചാ പ്രവചനം മൂന്ന് മാസത്തിനുള്ളിൽ രണ്ടാം തവണയാണ് ഉയർത്തുന്നത്. ഇത് റിസർവ് ബാങ്കിന്റെ വളർച്ചാ പ്രവചനത്തിനോട് ചേർന്ന് നിൽക്കുന്നതാണ്. ഉപഭോഗം ജനുവരി മാർച്ചു മാസങ്ങളിൽ ഉയർന്നിട്ടുണ്ടെങ്കിലും, സാമ്പത്തിക വിദഗ്ധർക്ക് ഇന്ത്യയിലെ ഗാർഹിക ചെലവുകളുടെ കണക്കുകളിൽ ആശങ്കയുണ്ട്. ഇന്ത്യയുടെ വളർച്ച നിരക്ക് ഉയരുമെന്ന് ഐ എം എഫ് പ്രവചിച്ചിട്ടുണ്ടെങ്കിലും ചൈനയുടെ വളർച്ച കുറയുമെന്നാണ് അനുമാനം. മറ്റ് പല വികസ്വര രാജ്യങ്ങൾക്കും വളർച്ച മുരടിപ്പ് ഉണ്ടാകുമെന്നാണ് ഐ എം എഫ് വിലയിരുത്തുന്നത്.

## 11ാം ശമ്പള പരിഷ്കരണ കുടിശിക: രണ്ടാം ഗഡു ജീവനക്കാരുടെ പിഎഫിൽ ലയിപ്പിക്കുന്നത് നീട്ടി

**തിരുവനന്തപുരം:** പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശികയുടെ രണ്ടാം ഗഡു, ജീവനക്കാരുടെ പിഎഫിൽ ലയിപ്പിക്കുന്നത് നീട്ടി. സാമ്പത്തിക പ്രതിസന്ധി കാരണമാണു സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും സർവകലാശാല ജീവനക്കാരുടെയും ശമ്പള കുടിശിക ഗഡു നൽകുന്നത് നീട്ടിയത്. ജീവനക്കാരുടെ ശമ്പള സ്കെയിലുകൾ 2019 ജൂലൈ ഒന്നു മുതലാണ് പരിഷ്ക്കരിച്ചത്. 2019 ജൂലൈ ഒന്നു മുതൽ 2021 ഫെബ്രുവരി 28വരെയുള്ള ശമ്പള പരിഷ്കരണ കുടിശിക 4 ഗഡുക്കളായി 25% വീതം നൽകാൻ തീരുമാനിച്ചിരുന്നു. സാമ്പത്തിക പ്രതിസന്ധിയുള്ളതിനാൽ ആദ്യ ഗഡു നൽകുന്നത് ഈ വർഷം മാർച്ചിൽ നീട്ടി.

# കൊല്ലപ്പെട്ടവരുടെ എണ്ണം 2,300 കടന്നു



**ടെൽ അവീവ്:** ഇസ്രയേൽ ഹമാസ് സംഘർഷത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 2,300 കടന്നു. ഗാസയിലെ ഏക വൈദ്യുതി നിലയത്തിൻറെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. ഇന്ധനം തീർന്നതിനെ തുടർന്നാണ് പവർ സ്റ്റേഷൻറെ പ്രവർത്തനം നിലച്ചത്.

ഇതോടെ ആശുപത്രികളും മറ്റു സ്ഥാപനങ്ങളും പ്രവർത്തിക്കാൻ ജനറേറ്ററുകളെ ആശ്രയിക്കേണ്ടിവരും. എന്നാൽ ഡീസൽ ക്ഷാമം നേരിടുന്നതിനാൽ ഇവയുടെ പ്രവർത്തനവും പ്രതിസന്ധിയിലാകുമെന്നാണ് റിപ്പോർട്ട്.

ഗാസയിലേക്കുള്ള ഇന്ധന, ജല വിതരണം ഇസ്രയേൽ പൂർണമായി വിച്ഛേദിച്ചു. എന്നാൽ ഗാസയിലെ പൊതുജനങ്ങൾക്കുള്ള ഭക്ഷണവും ജലവും മറ്റ് അവശ്യവസ്തുക്കളും എത്തിക്കാൻ അനുവദിക്കണമെന്ന് യുഎൻ സെക്രട്ടറി ജനറൽ അൻറണിയോ ഗുട്ടെറസ് ഇസ്രയേലിനോട് അഭ്യർഥിച്ചു. ബന്ധികളെ ഹമാസ് ഭീകരർ മോചിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. തുർക്കിയുടെയും ഖത്തറിൻറെയും മധ്യസ്ഥതയിൽ ഹമാസ് ഭീകരർ ബന്ദികളാക്കിയവരെ മോചിപ്പിക്കാനുള്ള ശ്രമം നടക്കുകയാണ്. ഗാസയിൽ നിന്ന് ആളുകളെ ഒഴിപ്പിക്കുന്നതിനുള്ള മാനുഷിക ഇടനാഴി സംബന്ധിച്ച് ഐക്യരാഷ്ട്ര സഭയുമായും ഈജിപ്തുമായും ചർച്ചകൾ നടത്തുന്നുണ്ടെന്ന് വൈറ്റ്ഹൗസും അറിയിച്ചു.

യുദ്ധം രൂക്ഷമായ സാഹചര്യത്തിൽ ഇസ്രയേലിൽ നിന്ന് ഇന്ത്യക്കാരെ ഒഴിപ്പിക്കാനുള്ള പ്രത്യേക ദൗത്യം ഇന്ത്യ പ്രഖ്യാപിച്ച ഓപ്പറേഷൻ അജയ് എന്ന ദൗത്യം ഇന്നാരംഭിക്കും. ദൗത്യത്തിൻറെ ഭാഗമായുള്ള ആദ്യ പ്രത്യേക വിമാനം ടെൽ അവീവിൽ നിന്നും ഡൽഹിയിലേക്ക് വ്യാഴാഴ്ച തിരിക്കും.ഇസ്രയേലിൽ കുടുങ്ങിപ്പോയ മുഴുവൻ ഇന്ത്യാക്കെരെയും തിരിച്ചെത്തിക്കുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ അറിയിച്ചു.18,000 ഇന്ത്യക്കാരെ കൂടാതെ, ഗുജറാത്തിൽ നിന്നും ഇസ്രയേലിലേക്ക് കുടിയേറിയ 60,000ൽ പരം ഇന്ത്യൻ വംശജരും സഹായം തേടിയിട്ടുണ്ട്.ഇവരെയെല്ലാം തിരിച്ചെത്തിക്കാനുള്ള നടപടികളാണ് കേന്ദ്ര സർക്കാരിൻറെ ഭാഗത്ത് നിന്നുള്ളതെന്നാണ് വിദേശകാര്യ മന്ത്രി വ്യക്തമാക്കുന്നു. സ്ഥിതി നിരീക്ഷിക്കാൻ വിദേശ കാര്യമന്ത്രാലയം 24 മണിക്കൂർ കൺട്രോൾ റൂം തുറന്നിട്ടുണ്ട്.യുദ്ധ മേഖലയിലുള്ളവർ ജാഗ്രത പാലിക്കണമെന്നും സുരക്ഷാ മാനദണ്ഡങ്ങൾ അനുസരിക്കണമെന്നും ഇസ്രയേലിലെ ഇന്ത്യൻ അംബാസഡർ നിർദേശിച്ചിട്ടുണ്ട്.



# ഇന്ത്യയിൽ ഒളിംമ്പിക്ക് മൂല്യ വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കൽ: ഒളിമ്പിക് കമ്മിറ്റിയും റിലയൻസ് ഫൗണ്ടേഷനും കരാറിൽ ഒപ്പുവച്ചു

**കൊച്ചി/ മുംബൈ:** ഇന്ത്യയിൽ ഒളിമ്പിക് മൂല്യ വിദ്യാഭ്യാസ പരിപാടിയുടെ വിജയത്തിനായി റിലയൻസ് ഫൗണ്ടേഷനുമായി ഇന്റർനാഷണൽ ഒളിമ്പിക് കമ്മിറ്റി (ഐ.ഒ.സി) റിലയൻസ് ഫൗണ്ടേഷനുമായി പുതിയ സഹകരണ കരാറിൽ ഒപ്പുവച്ചു. യുവാക്കൾക്കിടയിൽ കായികവിനോദത്തിലൂടെ ഒളിമ്പിക് മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇരു സംഘടനകളും ഒരുമിച്ച് പ്രവർത്തിക്കും.




മുംബൈയിലെ റിലയൻസ് ഫൗണ്ടേഷൻ യങ് ചാംപ്സ് ഫുട്ബോൾ അക്കാദമി സന്ദർശിച്ച ഐഒസി പ്രസിഡന്റ് തോമസ് ബാച്ചും ഇന്ത്യയിലെ ഐഒസി അംഗവും റിലയൻസ് ഫൗണ്ടേഷൻ സ്ഥാപക ചെയർപേഴ്സണുമായ നിത അംബാനിയും പുതിയ സഹകരണം അംഗീകരിച്ചു. യുവജനങ്ങളുടെ ജീവിതത്തെ മാറ്റിമറിക്കാൻ കായികരംഗത്തിന് കഴിവുണ്ടെന്ന് പ്രസിഡന്റ് ബാച്ച് പറഞ്ഞു. റിലയൻസ് ഫൗണ്ടേഷൻ ഒളിമ്പിക് മൂല്യ വിദ്യാഭ്യാസ പരിപാടിയുടെ പങ്കാളിയായി ചേരുന്നതിനെ തങ്ങൾ സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിദ്യാർത്ഥികളിലേക്ക് ഒളിമ്പിക് മൂല്യങ്ങൾ എത്തിക്കാൻ തങ്ങൾ ആഗ്രഹിക്കുന്നു, ആദ്യം മുംബൈ ഏരിയയിലും പിന്നീട് മഹാരാഷ്ട്ര സംസ്ഥാനത്തുടനീളവും. ആദരവ്, സൗഹൃദം, ഐക്യദാർഢ്യം എന്നിവ യുവജനങ്ങൾക്ക് പ്രയോജനപ്പെടുത്താനും ജീവിതകാലം മുഴുവൻ ഉൾക്കൊള്ളാനും കഴിയുന്ന മൂല്യങ്ങളാണ്. എല്ലാവരോടുമുള്ള ഐക്യദാർഢ്യമാണ് ഏറ്റവും പ്രധാനപ്പെട്ട വശം. ഒളിമ്പിക് മുദ്രാവാക്യത്തിലെ ഒരുമിച്ച് എന്ന വാക്ക്, ഈ ഐക്യദാർഢ്യത്തിന്റെ വികാരം പ്രകടിപ്പിക്കുന്നു.

ഒളിമ്പിക് മൂല്യ വിദ്യാഭ്യാസ പ്രോഗ്രാമിലൂടെ, എല്ലാ കുട്ടികളിലേക്കും യുവജനങ്ങളിലേക്കും, പ്രത്യേകിച്ച് സ്പോർട്സും ആരോഗ്യകരമായ ജീവിതശൈലിയും അപ്രാപ്യമായ ദരിദ്ര പശ്ചാത്തലത്തിൽ നിന്നുള്ളവരിലേക്ക് എത്തിച്ചേരാൻ തങ്ങൾ ആഗ്രഹിക്കുന്നുവെന്നും പ്രസിഡന്റ് ബാച്ച് കൂട്ടിച്ചേർത്തു.

ഒളിമ്പിക് മൂല്യ വിദ്യാഭ്യാസ പരിപാടിക്കായി ഇന്റർനാഷണൽ ഒളിമ്പിക് കമ്മിറ്റിയുമായി പങ്കാളിത്തത്തിൽ ഏർപ്പെടുന്നതിൽ റിലയൻസ് ഫൗണ്ടേഷൻ സന്തുഷ്ടരാണെന്ന് റിലയൻസ് ഫൗണ്ടേഷന്റെ സ്ഥാപക ചെയർപേഴ്സൺ നിത അംബാനി പറഞ്ഞു.

ഒളിമ്പിക് മൂല്യ വിദ്യാഭ്യാസ പരിപാടി കായികാഭ്യാസവും വിദ്യാഭ്യാസവും ഒരുമിച്ച് കൊണ്ടുവരുന്നു. ഈ പങ്കാളിത്തത്തിലൂടെ, ഇന്ത്യയിലെ 250 ദശലക്ഷം സ്കൂൾ കുട്ടികൾക്ക് കൂടുതൽ അച്ചടക്കമുള്ളതും , ആരോഗ്യകരവുമായ ജീവിതശൈലി ഓപ്ഷനുകൾ നൽകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

കുട്ടികൾ നമ്മുടെ ഭാവിയാണ്, അവർക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശവും കളിക്കാനുള്ള അവകാശവും നൽകേണ്ടതുണ്ടെന്നും അവർ കൂട്ടി ചേർത്തു.ഐഒസിയും റിലയൻസ് ഫൗണ്ടേഷനും മൂന്ന് പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ പദ്ധതിയിടുന്നു.

ഒളിമ്പിസവും ഒളിമ്പിക് മൂല്യങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും നല്ല പെരുമാറ്റ മാറ്റങ്ങൾ വരുത്തുന്നതിനും തിരഞ്ഞെടുത്ത സ്കൂളുകളിൽ ഗ്രേഡ്നിർദ്ദിഷ്ട പ്രവർത്തനങ്ങൾ.

കായികാധ്വാനം പ്രോത്സാഹിപ്പിക്കുന്നതിനും ഒളിമ്പിക് മൂല്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി അത്‌ലറ്റുകളും വിദ്യാർത്ഥികളും തമ്മിലുള്ള വെർച്ചൽ, വ്യക്തിഗത സെഷനുകൾ.സംവേദനാത്മക ഗെയിമുകൾ, ക്വിസുകൾ, കായികവിദ്യാഭ്യാസ പരിപാടികൾ എന്നിവയിലൂടെ ഒളിമ്പിക് മൂല്യങ്ങളെക്കുറിച്ച് അവബോധം വളർത്തുക എന്നിവയാണ് മൂന്നു മേഖലകൾ

## ഓഫറുകളുമായി സാംസങിന്റെ ഫാബ് ഗ്രാബ് ഫെസ്റ്റ്

**കൊച്ചി:** സാംസങ് ഇന്ത്യയുടെ ഏറ്റവും വിപുലമായ ഉത്സവ വിപണിമേളയായ ഫാബ് ഗ്രാബ് ഫെസ്റ്റിനു തുടക്കം. ഇതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്!മാർട്ട്ഫോണുകൾ, ടാബ്ലെറ്റുകൾ, ലാപ്ടോപ്പുകൾ, ആക്സസറികൾ, ടിവികൾ, ഡിജിറ്റൽ ഗൃഹോപകരണങ്ങൾ, സ്മാർട്ട് മോണിറ്ററുകൾ എന്നിവയ്ക്ക് സാംസങ് എക്സ്ക്ലൂസീവ് സ്റ്റോറുകളിലും സാംസങ്.കോം, സാംസങ് ഷോപ്പ് ആപ്പ് എന്നിവിടങ്ങളിൽ ഓഫറുകളും ക്യാഷ്ബാക്കും ലഭിക്കുമെന്ന് സാംസങ് ഇന്ത്യ ഡി2സി ബിസിനസ് സീനിയർ ഡയറക്ടർ സുമിത് വാലിയ പറഞ്ഞു.സ്മാർട്ട് ഫോണുകൾക്ക് 45 ശതമാനം വരെയും ടാബുകൾ, വാച്ചുകൾ, ബഡ്സ് എന്നിവയ്ക്ക് 41ശതമാനം വരെയും ടിവികൾക്ക് 54ശതമാനം വരെയും ഡിജിറ്റൽ ഗൃഹോപകരണങ്ങൾക്ക് 40ശതമാനം വരെയും ഇളവ് ലഭിക്കും. നിബന്ധനകൾക്ക് വിധേയമായി ബൈബാക്കിനൊപ്പം 70 ശതമാനം വരെ റീസെയിൽ വാല്യൂ ലഭിക്കും.ഏറ്റവും മികച്ച ഇളവുകളിലൂടെ ഫാബ് ഗ്രാബ് ഫെസ്റ്റ് ദീപാവലി ആഘോഷം സവിശേഷമാക്കുമെന്ന് സുമിത് വാലിയ പറഞ്ഞു.

## ഡോ. എബി എബ്രഹാമിന് എഫ്ഐഎസ്ഒടി ഫെലോഷിപ്പ്

**കൊച്ചി** വിപിഎസ് ലേക്ഷോറിലെ നെഫ്രോളജി ഡയറക്ടറും റീനൽ ട്രാൻസ്പ്ലാന്റ് സർവീസസ് മേധാവിയുമായ ഡോ. എബി എബ്രഹാമിന് കൊൽക്കത്തയിൽ വച്ചു നടന്ന ഇന്ത്യൻ സൊസൈറ്റി ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ (കടചഛഠ-ഐഎസ്ഒടി) 2023 കോൺഫറൻസിൽ ഇന്ത്യൻ സൊസൈറ്റി ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ഫെലോഷിപ്പ് (എകടചഛഠഎഫ്ഐഎസ്ഒടി) ലഭിച്ചു.വൃക്ക മാറ്റിവയ്ക്കൽ മേഖലയിൽ അദ്ദേഹം നൽകിയ മികച്ച സംഭാവനകൾക്കാണ് ഈ അംഗീകാരം.അവയവം മാറ്റിവയ്ക്കൽ മേഖലയിൽ മാതൃകാപരമായ പ്രതിബദ്ധതയും മികച്ച നേതൃത്വവും പ്രകടമാക്കിയ വ്യക്തികൾക്ക് നൽകുന്ന ആദരണീയമായ ബഹുമതിയാണ് എഫ്ഐഎസ്ഒടി ഫെലോഷിപ്പ്.






## സാംസങ് പോർട്ടബിൾ എസ് എസ് ഡി ടി9 പുറത്തിറക്കി

**കൊച്ചി:** സാംസങ് പുതുതലമുറ എക്സ്റ്റേണൽ സ്റ്റോറേജ് ഡിവൈസ് ആയ പോർട്ടബിൾ സോളിഡ് സ്റ്റേറ്റ് ഡ്രൈവ് (എസ് എസ് ഡി) ടി9 പുറത്തിറക്കി. 4ടിബി വരെ സ്റ്റോറേജ്, അതിവേഗ ഡാറ്റ ട്രാൻസ്ഫർ, ഉയർന്ന മെമ്മറി, സുസ്ഥിരത, ഉപയോഗക്ഷമത, സൗകര്യപ്രദമായ ഡിസൈൻ എന്നിവ എസ് എസ് ഡി ടി9ന്റെ പ്രത്യേകതകളാണെന്ന് സാംസങ് ഇന്ത്യ കൺസ്യൂമർ ഇലക്ട്രോണിക്സ് എന്റർപ്രൈസ് ബിസിനസ് വൈസ് പ്രസിഡന്റ് പുനീത് സേഥി പറഞ്ഞു.ടി9ലെ 3.2 ജനറേഷൻ 2ഃ2 യു എസ് ബി സെക്കൻഡിൽ 2000 എംബിവരെ കാര്യക്ഷമതനൽകുന്നു. അഞ്ചുവർഷത്തെ ലിമിറ്റഡ് വാറന്റി ലഭ്യമാണ്. 12,799 രൂപ മുതലാണ് വില. ഉയർന്ന തോതിൽ ഡാറ്റ മാനേജ്മെന്റ് ആവശ്യമായപ്രൊഫഷണലുകൾക്ക് ഏറെ പ്രയോജനകരമാണ് എസ് എസ് ഡി ടി9 എന്നു സാംസങ് ഇന്ത്യ കൺസ്യൂമർ ഇലക്ട്രോണിക്സ് എന്റർപ്രൈസ് ബിസിനസ് വൈസ് പ്രസിഡന്റ് പുനീത് സേഥി പറഞ്ഞു.




## ഗ്ലെൻമാർക്കിന്റെ ടേക്ക് ചാർജ് @18 കാംപയിൻ ആരംഭിച്ചു

**കൊച്ചി:** ഗ്ലെൻമാർക്ക് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ഹൃദയാരോഗ്യത്തോടുള്ള തങ്ങളുടെ പ്രതിബദ്ധത ഒരിക്കൽ കൂടി ഉറപ്പിച്ചു കൊണ്ട് ടേക്ക് ചാർജ് @18 കാംപയിൻ ആരംഭിച്ചു.കാംപയിന്റെ ഭാഗമായി ഇന്ത്യയിലുടനീളമുള്ള 277 നഗരങ്ങളിലും പട്ടണങ്ങളിലും വ്യാപിച്ചുകിടക്കുന്ന 420+ ആശുപത്രികളിൽ നിന്നും ക്ലിനിക്കുകളിൽ നിന്നുമുള്ള 1200ലധികം ഹെൽത്ത് കെയർ പ്രൊഫഷണലുകളുമായി കമ്പനി സഹകരിച്ചു. 410 ബോധവൽക്കരണ റാലികളും സംഘടിപ്പിച്ചു.

## സീരീസ് ബി ഫണ്ടിങ്ങിലൂടെ 60 ദശലക്ഷം ഡോളർ സമാഹരിച്ചു ഇൻഷൂറൻസ്ദേഖോ

**കൊച്ചി:** പ്രമുഖ ഇൻഷൂർടെക് സ്ഥാപനമായ ഇൻഷൂറൻസ്ദേഖോ സീരീസ് ബി ഫണ്ടിങ്ങ് റൗണ്ടിലൂടെ 60 ദശലക്ഷം ഡോളർ സമാഹരിച്ചു. ഈ വർഷത്തെ രണ്ടാമത്തെ ഫണ്ട് സമാഹരണമാണ് ഗുരുഗ്രാം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ സ്റ്റാർട്ടപ്പിന്റേത്. ഇതോടെ മൊത്തത്തിൽ സ്വരൂപിച്ച ഫണ്ട് 200 ദശലക്ഷത്തിൽപരം ഡോളർ കടന്നു. 2017ൽ അങ്കിത് അഗർവാളും ഇഷ് ബബ്ബറും ചേന്ന് സ്ഥാപിച്ച ഇൻഷൂറൻസ്ദേഖോ നിർണ്ണായകമായ വളർച്ചക്കാണ് സാക്ഷ്യം വഹിച്ചിരിക്കുന്നത്.

# നർത്തകി ഡോ. ആനന്ദ ശങ്കർ ജയന്തിൻറെ നൃത്തശിൽപം നാളെ തൃപ്പൂണിത്തുറ ജെ ടി പാക്കിൽ



**കൊച്ചി:** വിഖ്യാത ഭരതനാട്യംകുച്ചിപ്പുടി നർത്തകി ഡോ. ആനന്ദ ശങ്കർ ജയന്തിൻറെ ഒരാഴ്ച നീണ്ടുനിൽക്കുന്ന കേരള പര്യടനത്തിൻറെ നാലാമത്തെ പരിപാടി നാളെ തൃപ്പൂണിത്തുറ ജെ ടി പാക്ക് ഓഡിറ്റോറിയത്തിൽ അരങ്ങേറും. വൈകീട്ട് ഏഴിനാണ് പരിപാടി.ശിവപുരാണത്തിൽ നിന്നുമുള്ള നന്ദികേശ്വരനും കടുവയും തമ്മിലുള്ള സംവാദം(എടെയിൽ ഓഫ് ബുൾ ആൻഡ് ടൈഗർ) ആണ് ആനന്ദ ശങ്കറും സംഘവും കേരളത്തിലെ ഏഴ് വേദികളിലായി അവതരിപ്പിക്കുന്നത്.

ഏഴ് ദിവസവും ഒരോ സ്ഥലങ്ങളിൽ ഓരോ വേദികളിൽ എന്ന നിലയിലാണ് സംഘം ഒന്നേകാൽ മണിക്കൂർ ദൈർഘ്യമുള്ള ഈ കലാരൂപം അവതരിപ്പിക്കുന്നത്.മൂവാറ്റുപുഴ, കോവളം, തിരുവനന്തപുരത്തെ സൂര്യ ഫെസ്റ്റിവൽ എന്നിവിടങ്ങളിലാണ് ഇനിയുള്ള പരിപാടി.ശിവൻ, പാർവതി, ഗണപതി, സുബ്രഹ്മണ്യൻ എന്നിവരുടെ കഥ പ്രതിപാദിച്ചു കൊണ്ട് ശിവവാഹനമായ നന്ദികേശ്വരനും പാർവതിയുടെ വാഹനമായ കടുവയും നടത്തുന്ന കഥകളാണ് ഇതിൻറെ ഇതിവൃത്തം. സംസ്കൃതത്തിലും തമിഴിലുമാണ് ഇതൊരുക്കിയിരിക്കുന്നത്. പത്തു നർത്തകർ ചേർന്നാണ് അരങ്ങിൽ ഈ നൃത്തശിൽപം അവതരിപ്പിക്കുക.ഹൈദരാബാദ് സ്വദേശിയായ ഡോ. ആനന്ദ ശങ്കർ സംവിധാനം ചെയ്ത ഏറ്റവും പ്രശസ്തമായ നൃത്ത ശിൽപങ്ങളിലൊന്നാണിത്. 1979 ലാണ് അവർ ശങ്കരാനന്ദ കലാക്ഷേത്ര എന്ന സ്ഥാപനം ഹൈദരാബാദിൽ ആരംഭിച്ചത്.

പത്മശ്രീ ജേതാവായ അവർക്ക് 2009 ൽ സംഗീതനാടക അക്കാദമി പുരസ്ക്കാരം ലഭിച്ചു. റെയിൽവേയിൽ ഐആർടിഎസ് ഉദ്യോഗസ്ഥയായി വിരമിച്ച ഡോ. ആനന്ദ ശങ്കർ ശാസ്ത്രീയ നൃത്തമേഖലയിൽ ഡിജിറ്റൽ സാങ്കേതികവിദ്യ സമന്വയിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു. ഭരതനാട്യം പരിശീലിക്കുന്നതിനു വേണ്ടി 2017 ൽ വികസിപ്പിച്ചെടുത്ത മൊബൈൽ ആപ്പ് ലോകത്തെമ്പാടും നിരവധി പേരാണ് ഉപയോഗിക്കുന്നത്.സതിരാജ് വേണുമാധവ്, ഐവി രേണുകാപ്രസാദ് എന്നിവരാണ് നൃത്ത ശിൽപ്പത്തിൻറെ സംഗീത സംവിധാനം നിർവഹിച്ചിരിക്കുന്നത്. ഗാനാലാപനം ജയന്ത് ദ്വാരകാനാഥാണ്. ഗുൻജൻ അഷ്ടപുത്രെ ഡിജിറ്റൽ ഡിസൈൻ ചെയ്തിരിക്കുന്നു. ആനന്ദ ശങ്കറിനെ കൂടാതെ മിഥുൻ ശ്യാം, അദിതി റാവു, പൂജിത നമ്പൂരി, അർച്ചിത ഭട്ട്, ശ്രീവിദ്യ ശ്രീപതി, നേഹ സതാനപള്ളി, റിദിശ്രീ യാദവ് എന്നിവരാണ് മറ്റ് നർത്തകർ.കുട്ടികൾക്ക് ഭാരതീയ കഥകൾ കേൾക്കുന്നതിനും കാണുന്നതിനുമായി അടുത്തിടെ ഡോ. ആനന്ദ പുറത്തിറക്കിയ കുട്ടി കഹാനി ഏറെ പ്രശസ്തമാണ്.

പ്രധാനമന്ത്രിതൻറെ മൻ കി ബാത്ത് റേഡിയോ പരിപാടിയിൽ ഇതെക്കുറിച്ച് പരാമർശിച്ചിരുന്നു.

പ്രശസ്ത പ്രഭാഷണ വേദിയായ ടെഡ് ടോക്കിൽ വിവിധ വിഷയങ്ങളെക്കുറിച്ച് ഡോ. ആനന്ദ സംസാരിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോർപറേറ്റ് ഓഫീസുകൾ, നേതൃപാടവ പരിപാടികൾ തുടങ്ങിയവയിൽ പ്രഭാഷക കൂടിയാണവർ.

# ജി എം വിളകൾ: സാമൂഹികവശങ്ങൾ കൂടി പരിഗണിക്കണമെന്ന് വിദഗ്ധർ

**കൊച്ചി:** കാർഷികരംഗത്ത് ജനിതക സാങ്കേതികവിദ്യകൾ കൂടുതൽ ഫലപ്രദമാക്കാൻ സാമൂഹികവശങ്ങൾ കൂടി പരിഗണിക്കുന്നതിനുള്ള സംവിധാനമുണ്ടാകണമെന്ന് വിദഗ്ധർ. കൊച്ചിയിൽ നടക്കുന്ന 16ാമത് അഗ്രികൾച്ചർ സയൻസ് കോൺഗ്രസിൽ ജനിതകസാങ്കേതിക വിദ്യകളുമായി ബന്ധപ്പെട്ട ചർച്ചയിലാണ് അഭിപ്രായം. ജിഎം വിളകളുടെ കാര്യത്തിൽ സാമൂഹികസാമ്പത്തികവശങ്ങൾ കൂടി പരിഗണിച്ചുള്ള നയരൂപീകരണങ്ങൾ ആവശ്യമാണ്.



ജനിതകസാങ്കേതികവിദ്യകളുടെയും സാമൂഹിക

ഈ രംഗത്തെ ഓരോ

മൂല്യം കൂടി കണക്കിലെടുക്കണം. ഇതിന് എല്ലാ ഘടകങ്ങളും സംയോജിപ്പിച്ചുള്ള വിശാലമായ ചട്ടക്കൂട് വേണം. ജനിതക ശാസ്ത്രജ്ഞരുടെയും സാമൂഹികശാസ്ത്രജ്ഞരുടെയും യോജിച്ചുള്ള ഇടപെടലുകൾ ഈ മേഖലയിൽ കൂടുതൽ ഫലം ചെയ്യുമെന്നും അവർ പറഞ്ഞു.ഈ മേഖലയിലെ പുതിയ സാങ്കേതിക വിദ്യകൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിന് സാമൂഹികാഘാത പഠനങ്ങൾകൂടി നടത്തേണ്ടതുണ്ടെന്ന് സംസ്ഥാന ആസൂത്രണ കമ്മീഷൻ അംഗം ഡോ ആർ രാമകുമാർ പറഞ്ഞു. പലരും കരുതുന്നതു പോലെ ബിടി കോട്ടൻ ഒരു പരാജയമായിരുന്നില്ല.

എന്നാൽ, ഈ അനുഭവം ശാസ്ത്രസാങ്കേതിക രംഗവും നയരൂപീകരണ രംഗവുമായുള്ള വിടവ് നികത്താൻ പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.ഭക്ഷ്യ ആവശ്യകത വർധിച്ചുവരുന്ന സാഹചര്യത്തിൽ കുറഞ്ഞ സ്ഥലത്ത് നിന്നും കൂടുതൽ ഉൽപാദനം നേടാൻ ജനിതക ശാസ്ത്രസാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിയാൽ മാത്രമേ കഴിയൂവെന്ന് ഓസ്ട്രേലിയയിലെ മർഡോക് സർവകാലശാലയിലെ പ്രൊഫസർ ഡോ മൈക്കൽ ജോൺസ് പറഞ്ഞു.

# കവിതിലകൻ പണ്ടിറ്റ് കറുപ്പൻ പുരസ്ക്കാര സമർപ്പണ ചടങ്ങിൽ പങ്കെടുക്കുന്നതിൽ പ്രൊഫ എം. കെ. സാനുമാസ്റ്ററെ വിലക്കിയത് താലിബാനിസം: വിശ്വഹിന്ദു പരിഷത്ത്

**കൊച്ചി:** കവിതിലകൻ പണ്ടിറ്റ് കറുപ്പൻ വിചാര വേദി ഹിന്ദു സാംസ്കാരിക കേന്ദ്രത്തിന്റെ കവിതിലകൻ പണ്ടിറ്റ് കറുപ്പൻ പുരസ്ക്കാരം നടൻ സുരേഷ് ഗോപിക്ക് സമർപ്പിക്കുന്ന ചടങ്ങിൽ പങ്കെടുക്കുന്നതിൽ നിന്നും പ്രൊഫ. എം.കെ സാനുമാസ്റ്ററെ വിലക്കിയ പു.ക.സയുടെ നടപടി താലിബാനിസമാണെന്ന് വിശ്വഹിന്ദുപരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി വാർത്താകുറിപ്പിൽ ആരോപിച്ചു.

ഏതെങ്കിലും ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ കീഴിലുള്ളവരല്ല സാഹിത്യകാരന്മാർ. വിശ്വഹിന്ദു പരിഷത്ത് വർഷങ്ങളായി നടത്തിവരുന്ന രാമായണമാസാചരണം ഉദ്ഘാടനം ചെയ്തുവന്നിരുന്നത് പ്രഫ.എം.കെ സാനുമാസ്റ്റർ ആണ്. സാനുമാസ്റ്ററുടെ നവതിയാഘോഷത്തിന്റെ പതിപ്പുവരെ വിശ്വഹിന്ദു പരിഷത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശ്വഹിന്ദു പരിഷത്ത് എന്നും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന വ്യക്തിയാണ് പ്രൊഫ. എം.കെ സാനുമാസ്റ്റർ. അദ്ദേഹത്തിന്റെ മനുഷ്യത്വപരമായ സമീപനങ്ങളും ശ്രീനാരായണഗുരുവിന്റെ ദർശനങ്ങൾ പ്രാവർത്തികമാക്കാൻ നടത്തുന്ന പരിശ്രമങ്ങളെയും വിശ്വഹിന്ദുപരിഷത്ത് എന്നും മുഖവിലയ്ക്ക് എടുക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. കവിതിലകൻ പണ്ടിറ്റ് കറുപ്പൻ വിചാര വേദിയുടെ ചടങ്ങിൽ പങ്കെടുക്കുന്നതിൽ നിന്നും സാനുമാസ്റ്ററെ വിലക്കാൻ മാത്രം കേരളത്തിന്റെ പുരോഗതിക്ക് എന്തു സംഭാവനയാണ് പു.ക.സ നൽകിയിട്ടുള്ളതെന്നും വിജി തമ്പി ചോദിച്ചു.

സാനുമാസ്റ്റർക്ക് തിട്ടൂരം നൽകാൻ പു.ക.സയ്ക്ക് അർഹതയില്ല. കേരളത്തിലെ സാഹിത്യകാരന്മാരുടെ മുഴുവൻ ഉത്തരവാദിത്വവും പു.ക.സ ഏറ്റെടുക്കേണ്ടതില്ല. വിശ്വഹിന്ദു പരിഷത്തിന്റെ ചടങ്ങിൽ പങ്കെടുക്കുന്ന സാഹിത്യകാരന്മാരെ വളഞ്ഞിട്ട് ആക്രമിക്കുന്ന നടപടി ആരു നടത്തിയാലും അത് അംഗീകരിക്കാൻ കഴിയില്ലെന്നും വിജി തമ്പി പറഞ്ഞു.

# കെ.എസ്.എഫ്.ഇ. മൊബൈൽ ആപ്പ് തയ്യാറായി

**കൊച്ചി:** കെ.എസ്.എഫ്.ഇ.യുടെ മൊബൈൽ ആപ്ലിക്കേഷൻ "KSFE POWER" ന്റെ ഉദ്ഘാടനം ധനമന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിച്ചു. ഗതാഗതവകുപ്പ് മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിച്ചു. വിവര സാങ്കേതിത വിദ്യയുടെ വളർച്ചക്കൊപ്പം കേരള സമൂഹത്തെ നയിക്കുന്നതിന് നൂതനവും ദീർഘ വീക്ഷണവുമുള്ള പദ്ധതികളാണ് കേരളം വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതെന്ന് ധനമന്ത്രി പറഞ്ഞു.

കേരള സർക്കാർ നടപ്പിലാക്കി വരുന്ന ഇഗവേർണൻസ് പദ്ധതിയിലൂടെ സർക്കാർ സേവനങ്ങൾ ഇന്ന് വിരൽത്തുമ്പിൽ ലഭ്യമാണ്. എല്ലാ പ്രധാനപ്പെട്ട സേവനങ്ങൾക്കും ഡാഷ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ആധുനികവൽക്കരണത്തിലൂടെ കെ.എസ്.എഫ്.ഇയെ കൂടുതൽ മികവിലേക്ക് നയിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ രണ്ടായിരത്തോളം സ്ഥിരനിയമനം പി.എസ്.സി വഴി നടത്തി. കെ.എസ്.എഫ്.ഇ യുടെ മൂലധനം ഇരട്ടിയായി വർധിപ്പിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. കെ.എസ്.എഫ്.ഇ യുടെ മൊബൈൽ ആപ്പ് ഉപയോഗിച്ച് എല്ലാ ചിട്ടി ഇടപാടുകളും നടത്താൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.

# കാർഷികമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കൂടുന്നു

**കൊച്ചി:** കാർഷിക മേഖലയിൽ സ്ത്രീകളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം മുൻകാലത്തേക്കാൾ കൂടുകയാണെന്ന് നിരീക്ഷണം. എന്നാലും, സ്ത്രീകളുടെ സജീവപങ്കാളിത്തം ഉറപ്പുവരുത്തി അവരെ കാർഷിക സംരംഭകരാക്കി മാറ്റുന്നതിന് ഇനിയും ശ്രമങ്ങളുണ്ടാകണമെന്ന് 16ാമത് അഗ്രികൾച്ചർ സയൻസ് കോൺഗ്രസിൽ നടന്ന ചർച്ചയിൽ ആവശ്യമുയർന്നു. യുവജനശാക്തീകരണവും ലിംഗസമത്വവും എന്ന വിഷയത്തിൽ നടന്ന സിംപോസിയത്തിലാണ് ഈ നിരീക്ഷണം.

കൃഷിയിടം മുതൽ മൂല്യവർധിത ഉൽപാദനവും വിപണനവും വരെയുള്ള വിവിധ ഘട്ടങ്ങളിൽ അഗ്രിസ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കണം. ഇത് സ്ത്രീശാക്തീകരണത്തിന് വഴിയൊരുക്കും. ഇത്തരം രംഗങ്ങളിൽ വിദ്യാർത്ഥികളുൾപ്പെടെയുള്ളവർക്ക് തൊഴിൽനൈപുണ്യപരിശീലനം നൽകണം. സ്ത്രീസൗഹൃദ പരിശീലനപരിപാടികൾ വ്യാപകമാക്കണം. കാർഷികരംഗത്ത് വേതനമില്ലാതെ തൊഴിലെടുക്കുന്ന സാഹചര്യമുണ്ടെങ്കിൽ അവ പരിശോധിക്കണമെന്നും സിംപോസിയത്തിൽ ആവശ്യമുയർന്നു.തമിഴ്നാട് ഫിഷറീസ് സർവകാലശാല വൈസ്ചാൻസലർ ഡോ വി ഗീതാലക്ഷ്മി, ഡോ നീരു ഭൂഷൻ, ഡോ സതേന്ദർ ആര്യ, ഡോ സ്വാതി നായക്, ഡോ മാളവിക ദധ്ലാണി, ഡോ എസ് കെ ശർമ എന്നിവർ സംസാരിച്ചു.

# ഇസ്രായേലിലെ ഇന്ത്യക്കാരുടെ സുരക്ഷ: പ്രത്യേക ഇടപെടൽ ആവശ്യം

**കൊച്ചി:** ഇസ്രായേലിൽ ഹമാസ് നടത്തിയ ഭീകരാക്രമണത്തെതുടർന്ന് പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ ആശങ്കാജനകമായി മാറിക്കഴിഞ്ഞിരിക്കുന്നുവെന്നും ഇസ്രായേലിലെ ഇന്ത്യക്കാരുടെ സുരക്ഷ: പ്രത്യേക ഇടപെടൽ ആവശ്യമെന്നും സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത് ആവശ്യപ്പെട്ടു.ധാരാളം ഇന്ത്യക്കാർ പ്രത്യേകിച്ച് മലയാളികൾ ഇസ്രായേലിൽ വർക്ക് വിസായിൽ താമസിക്കുന്നുണ്ട്. പ്രധാനമായും നേഴ്സിംഗ് മേഖലയിലും കെയർ ഹോമുകളിലും മറ്റുമാണ് മലയാളികൾ സേവനം ചെയ്യുന്നത്.സംഘർഷമേഖലയിലും റോക്കറ്റ് ആക്രമണ ഭീഷണി കൂടുതലുള്ള ഇടങ്ങളിലും ആയിരിക്കുന്ന ധാരാളം പേരുണ്ട്. ഇസ്രായേലിലെ നമ്മുടെ സഹോദരങ്ങളും അവരുടെ കുടുംബാംഗങ്ങളും കടുത്ത മാനസിക വൈകാരിക സംഘർഷത്തിലൂടെ കടന്ന് പോകുകയാണ്.

ഇടവകകളും സംഘടനകളും ഇസ്രായേലിൽ ആയിരിക്കുന്നവരുടെ വിവരങ്ങൾ ശേഖരിക്കുകയും കുടുംബാംഗങ്ങളുമായി സമ്പർക്കം പുലർത്തുകയും അവർക്ക് ആത്മവിശ്വാസം പകരുകയും വേണം.പതിവിൽ നിന്നും വ്യത്യസ്തമായി സംഘർഷത്തിനപ്പുറം പൂർണ യുദ്ധത്തിന്റെ സാഹചര്യമാണ് പശ്ചിമേഷ്യയിൽ ഉരുത്തിരിഞ്ഞു വന്നിട്ടുള്ളതെന്ന് മനസിലാക്കുന്നു. വാർത്തകൾ അനുസരിച്ച് ഇസ്രായേലിൽ എണ്ണായിരത്തോളം മലയാളികൾ ഉണ്ട്. അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ അടിയന്തിരമായി ഇടപെടൽ നടത്തണമെന്ന് ആവശ്യപ്പെടുന്നു. ഇസ്രായേലിലെ ഇന്ത്യൻ എംബസിയും ഡൽഹി വിദേശകാര്യ മന്ത്രാലയവും സംസ്ഥാന ഗവണ്മെന്റും ഏകോപിതമായി ഹെല്പ് ഡെസ്ക്കുകൾ ആരംഭിക്കേണ്ട സാഹചര്യം ഉണ്ട്. ഇസ്രായേലിലേക്ക് വിമാനസർവീസുകൾ നിർത്തി വച്ചിരിക്കുന്ന സാഹചര്യത്തിൽ ആവശ്യമെങ്കിൽ പ്രത്യേക വിമാനം അയച്ച് ആളുകളെ തിരികെയെത്തിക്കുന്ന കാര്യവും പരിഗണിക്കണം. മേഖലയിൽ സമാധാനം എത്രയും വേഗം പുനസ്ഥാപിക്കുന്നതിന് പള്ളികളിലും സന്യാസഭവനങ്ങളിലും പ്രത്യേക പ്രാർത്ഥനകൾനടത്തണമെന്നും അഭ്യർത്ഥിക്കുന്നുവെന്നും ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത് പറഞ്ഞു.

# ഫിഷറീസ് പഠന മേഖലയുടെ ഭാവി ശോഭനം ഐ.സി.എ.ആർ ഡയറക്ടർ ജനറൽ



**കൊച്ചി:** രാജ്യത്തിന്റെ സമ്പത്ത് വ്യവസ്ഥയിൽ ഫിഷറീസ് മേഖലയുടെ പ്രാധാന്യം വളരെയേറെ വർദ്ധിച്ചിരിക്കുകയാണെന്ന് ഐ.സി.എ.ആർ ഡയറക്ടർ ജനറലും ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രിക്കൾച്ചർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ സെക്രട്ടറിയുമായ ഡോ.ഹിമാൻഷു പാഠക് പറഞ്ഞു. ഇതിന് അനുസരിച്ചുള്ള മാറ്റങ്ങൾ ഫിഷറീസ് മേഖലയിലെ ഉന്നത പദവികളിൽ ഉണ്ടാകണം.

രാജ്യത്തെ ഫിഷറീസ് രംഗത്തെ ഉന്നത പദവികളിൽ പലതിലും ഫിഷറീസ് പഠിച്ചവരല്ല ഇപ്പോഴുള്ളത്. കാലികമായ മാറ്റം ക്രമാനുഗതമായി ഈ രംഗത്ത് ഉണ്ടാകുമെന്നും ഫിഷറീസ് പഠന മേഖലയുടെ ഭാവി ശോഭനമാണെന്നും ഡോ.ഹിമാൻഷു പാഠക് പറഞ്ഞു. കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു ഡോ.ഹിമാൻഷു പാഠക് .അഗ്രികൾച്ചർ റിസർച്ച് സർവ്വീസ് (എ.ആർ.എസ്) പരീക്ഷ എഴുതാനുള്ള അടിസ്ഥാന യോഗ്യത പി.എച്ച്.ഡി യായി ഉയർത്തിയ നടപടി പിൻവലിക്കുമെന്ന് ഡോ.ഹിമാൻഷു പാഠക് പറഞ്ഞു. അടുത്ത വർഷം മുതൽ പഴയതുപോലെ പി.ജി.ബിരുദധാരികൾക്ക് എ.ആർ.എസ് പരീക്ഷ എഴുതാം. ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ് പരീക്ഷ എഴുതാൻ ഫിഷറീസ് ബിരുദധാരികൾക്ക് അവസരം നൽകണമെന്നും സിവിൽ സർവീസ് പരീക്ഷയിൽ ഫിഷറീസ് സയൻസ് ഒരു വിഷയമായി ഉൾപ്പെടുത്തണമെന്നും യു.പി.എസ്.സി യോട് ആവശ്യപ്പെടുമെന്നും ഡോ.ഹിമാൻഷു പാഠക് വിദ്യാർത്ഥികളുമായുള്ള സംവാദത്തിൽ പറഞ്ഞു.

തുടർന്ന് കുഫോസിലെ ലാബോറട്ടറി സൗകര്യങ്ങൾ സന്ദർശിച്ച ഡോ.ഹിമാൻഷു പാഠക് , സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ ഐ.സി.എ.ആറിന്റെ കൂടതൽ പിന്തുണയും സാമ്പത്തിക സഹായവും ഉണ്ടാകുമെന്ന് അറിയിച്ചു. കുഫോസ് വൈസ് ചാൻസലർ ഡോ.ടി. പ്രദീപ് കുമാർ ഡോ.ഹിമാൻഷു പാഠകിനെ സ്വാഗതം ചെയ്തു. രജിസ്ട്രാർ ഡോ.ദിനേശ് കൈപ്പിള്ളി, ഗവേഷണ വിഭാഗം മേധാവി ഡോ.ദേവിക പിള്ള എന്നിവർ സംസാരിച്ചു.

# ആസ്പയർ തൊഴിൽ മേള

**കൊച്ചി:** എറണാകുളത്തെ പ്രമുഖ കമ്പനിയിലേക്ക് സിവിൽ എഞ്ചിനീയറുമാരുടെ 14 ഒഴിവുകളിലേക്ക് അവസരം.

സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള അസാപ് കേരള ഒക്ടോബർ 27 നു ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിൽ ആസ്പയർ തൊഴിൽ മേള നടത്തുന്നു.

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം. മുൻ പരിചയം ഉള്ളവർക്ക് മുൻഗണന. ശമ്പളം: 25000 60000 രൂപ.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും അസാപ് കേരളയുടെ വെബ് സൈറ്റ് www.asapkerala.gov.in സന്ദർശിക്കുക. ഫോൺ: 9495999613, 8075549658



## കർഷകമിത്രം മാതൃകാ കൃഷിതോട്ടം ഉദ്ഘാടനം ചെയ്തു

**കൊച്ചി:** വിദ്യാർത്ഥി സമൂഹത്തെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്ന പ്രൊഫ.കെ വി തോമസ് വിദ്യാധനം ട്രസ്റ്റിന്റെ കർഷകമിത്രം പദ്ധതി ശ്ലാഘനീയവും ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ സ്വീകരിക്കേണ്ടതുമാണെന്ന് ഐസിഎ ആർ ഡയറക്ടർ ജനറൽ ഡോ. ഹിമാൻഷു പതക് അഭിപ്രായപ്പെട്ടു.

കുമ്പളങ്ങി സെന്റ് പീറ്റേഴ്സ് സ്കൂളിൽ കർഷകമിത്രം പദ്ധതി പ്രകാരം ഒരു മാതൃക കൃഷിതോട്ടം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്കൂളിലെ 1200ഓളം വിദ്യാർത്ഥികൾക്ക് വീടുകളിൽ കൃഷി ചെയ്യുന്നതിനുള്ള പത്തു തരം ചെടികളും, വിത്തും, വളവും, ഗ്രോ ബാഗും അദ്ദേഹം വിതരണം ചെയ്തു. കൊച്ചി മെത്രാൻ ഡോ. ജോസഫ് കരിയിൽ, ട്രസ്റ്റ് മാനേജിംഗ് ഡയറക്ടർ പ്രൊഫ. കെ വി തോമസ്, കൊച്ചി എംഎൽഎ കെ. ജെ മാക്സി, കെ വി കെ പ്രിൻസിപ്പാൾ സയന്റിസ്റ്റ് ഡോ. ഷിനോജ് സുബ്രമണ്യം എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

കുമ്പളങ്ങി സെന്റ് പീറ്റേഴ്സ് സ്കൂളിൽ തുടങ്ങിവച്ച മാതൃക കൃഷിത്തോട്ടം മറ്റു ഒൻപതു സ്കൂളുകളിൽ കൂടി തുടങ്ങുമെന്നും 5000 കുട്ടികൾക്ക് വീടുകളിൽ കൃഷി ചെയ്യുന്നതിന് വിത്തും,വളവും, മണ്ണും ഗ്രോ ബാഗും വിതരണം ചെയ്യുമെന്നും പ്രൊഫ. കെ വി തോമസ് പറഞ്ഞു. മാതൃക കൃഷിത്തോട്ടങ്ങൾ നടത്തുന്ന സ്കൂളുകൾക്കും വിദ്യാർത്ഥികൾക്കും ഡോ. കെ വി പീറ്റർ എൻഡോവ്മെന്റ് അവാർഡും നൽകുന്നതാണ്.

## കൗൺസിലിംഗ് സെന്റർ ആരംഭിച്ചു

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ വരുന്ന രോഗികൾക്ക് ഡോക്ടറെ കണ്ട് മരുന്ന് വാങ്ങി കഴിയുമ്പോൾ മരുന്നിനെ കുറിച്ച് കൂടുതൽ അറിയുന്നതിനും രോഗികളുടെ മരുന്നുമായി ബന്ധപ്പെട്ട ആശങ്കകൾ അകറ്റുന്നതിനും രോഗികൾക്കായി കൗൺസിലിംഗ് സെന്റർ പ്രവർത്തനമാരംഭിച്ചു. രോഗി സൗഹാർദപരമായ അന്തരീക്ഷത്തിൽ ഫാർമസി കൗണ്ടറിനോട് ചേർന്ന് പ്രവർത്തിക്കുന്ന ഈ സെൻറർ രോഗികൾക്ക് ഏറെ പ്രയോജനകരമാണ്.

മരുന്നുകൾ വാങ്ങി പോകുന്ന രോഗിക്ക് ഉണ്ടാകുന്ന സംശയങ്ങൾ തീർക്കുന്നതിനും, മരുന്നിന്റെ ഡോസേജ്, കഴിക്കേണ്ട രീതികൾ, മരുന്നിന്റെ പാർശ്വ ഫലങ്ങൾ, എടുക്കേണ്ട മുൻകരുതലുകൾ എന്നിവയും രോഗിക്ക് മനസിലാക്കി കൊടുക്കുന്നു. ഫാർമസിസ്റ്റുകൾ രോഗികളുടെ മരുന്ന് ഉപയോഗ രീതിയും ചരിത്രവും ചോദിച്ചു മനസ്സിലാക്കുന്നത് വഴി രോഗിയുടെ മരുന്ന് ഉപയോഗിക്കുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ മനസിലാക്കാനും അത് ഡോക്ടറെ അറിയിക്കുന്നതിനും സാധിക്കുന്നു.

## ദർഘാസ് ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന നോർത്ത് പറവൂർ ശിശു വികസന പദ്ധതി ഓഫീസറുടെ ഔദ്യാഗിക ആവശ്യങ്ങൾക്കായി 2023 നവംബർ മുതൽ ഒരു വർഷക്കാലയളിവലേയ്ക്കു കരാറടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിനായി മത്സരസമായുള്ള ദർഘാസുകൾ ക്ഷണിച്ചു.

ദർഘാസുകൾ ഒക്ടോബർ 20 ഉച്ചയ്ക്ക് 1 വരെ സ്വീകരിക്കും. ദർഘാസുകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് നോർത്ത് പറവൂർ ഐസിഡിഎസ് ഓഫീസിൽ പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടാം: ഫോൺ: 0484 2448803,

# 6 നഴ്സിംഗ് കോളേജുകൾക്ക് 79 തസ്തികകൾ സൃഷ്ടിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്ത് സർക്കാർ മേഖലയിൽ പുതുതായി ആരംഭിച്ച 6 നഴ്സിംഗ് കോളേജുകൾക്കായി 79 തസ്തികകൾ സൃഷ്ടിക്കാൻ മന്ത്രിസഭായോഗം അനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 5 പ്രിൻസിപ്പൽമാർ, 14 അസിസ്റ്റന്റ് പ്രൊഫസർ, 6 സീനിയർ സൂപ്രണ്ട്, 6 ലൈബ്രേറിയൻ ഗ്രേഡ് ഒന്ന്, 6 ക്ലർക്ക്, 6 ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെ സ്ഥിരം തസ്തികകളാണ് സൃഷ്ടിച്ചത്. ഇതുകൂടാതെ 12 ട്യൂട്ടർ, 6 ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്. 6 ഹൗസ് കീപ്പർ, 6 ഫുൾടൈം സ്വീപ്പർ, 6 വാച്ച്മാൻ എന്നിങ്ങനെ താത്ക്കാലിക തസ്തികളും അനുവദിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ച് എത്രയും വേഗം നിയമനം നടത്തുമെന്ന് മന്ത്രി വ്യക്തമാക്കി.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നഴ്സിംഗ് മേഖലയുടെ പുരോഗതിയ്ക്കായി വലിയ പ്രവർത്തനങ്ങളാണ് നടത്തിയത്. സർക്കാർ, സർക്കാർ അനുബന്ധ മേഖലകളിൽ മാത്രം ഈ വർഷം 760 ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ വർധിപ്പിച്ചു. സർക്കാർ മേഖലയിൽ 400 സീറ്റുകൾക്കും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സിമെറ്റ് വഴി 360 സീറ്റുകൾക്കും ആരോഗ്യ സർവകലാശാല അനുമതി നൽകിയിരുന്നു. ചരിത്രത്തിലാദ്യമായാണ് ബി.എസ്.സി. നഴ്സിംഗിൽ ഇത്രയും സീറ്റ് വർധിപ്പിച്ചത്. ഈ സീറ്റുകളിൽ അഡ്മിഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായാണ് തസ്തികകളും സൃഷ്ടിച്ചത്.

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിൽ 60 സീറ്റ് വീതമുള്ള പുതിയ നഴ്സിംഗ് കോളേജുകളും തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിനോട് അനുബന്ധിച്ച് 100 സീറ്റുള്ള ഒരു അധിക ബാച്ച് ജനറൽ ആശുപത്രി ക്യാമ്പസിലെ പുതിയ ബ്ലോക്കിലും ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള സിമെറ്റിന്റെ കീഴിൽ വർക്കല, നെയ്യാറ്റിൻകര, കോന്നി, നൂറനാട്, ധർമ്മടം, തളിപ്പറമ്പ് എന്നിവടങ്ങളിൽ 60 സീറ്റ് വീതമുള്ള നഴ്സിംഗ് കോളേജുകൾ ആരംഭിക്കും. സിപാസിന്റെ കീഴിൽ കൊട്ടാരക്കരയിൽ 40 സീറ്റ് നഴ്സിംഗ് കോളേജിന് അനുമതി നൽകിയിട്ടുണ്ട്.

ഈ സർക്കാർ വന്ന ശേഷം 2022 23ൽ 832 ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ ഉയർത്തി. നഴ്സിംഗ് മേഖലയിൽ 2021 വരെ ആകെ 7422 സീറ്റുകളായിരുന്നു ഉണ്ടായിരുന്നത്. 2022ൽ 8254 സീറ്റുകളായും 2023ൽ 9910 സീറ്റുകളായും വർധിപ്പിച്ചു. 2021വരെ സർക്കാർ മേഖലയിൽ 435 ബി.എസ്.സി. നഴ്സിംഗ് സീറ്റുകളാണ് ഉണ്ടായിരുന്നത്. കഴിഞ്ഞ വർഷം കൊല്ലം, മഞ്ചേരി നഴ്സിംഗ് കോളേജുകൾ (120 സീറ്റ്) ആരംഭിച്ചു. കൂടാതെ നിലവിലുള്ള കോളേജുകളിൽ അധികമായി 92 സീറ്റുകളും വർധിപ്പിച്ചു. ഇതുകൂടാതെയാണ് ഈ വർഷം 760 സർക്കാർ സീറ്റുകൾ വർധിപ്പിച്ചത്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 612 ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ സർക്കാർ മേഖലയിലും സർക്കാർ, സ്വകാര്യ മേഖലയിലായി ആകെ 2399 സീറ്റുകളും വർധിപ്പിക്കാൻ കഴിഞ്ഞു. 202324ൽ 1517 ബി.എസ്.സി. നഴ്സിംഗ് സീറ്റുകളാണ് വർധിപ്പിക്കാൻ പ്രതീക്ഷിക്കുന്നത്. കൂടാതെ സർക്കാർ മേഖലയിൽ ജനറൽ നഴ്സിംഗിന് ഈ വർഷം മുൻവർഷത്തെ അപേക്ഷിച്ച് 100 സീറ്റ് വർധിപ്പിച്ച് 557 സീറ്റുകളായി ഉയർത്തി. തിരുവനന്തപുരത്തും ആലപ്പുഴയിലും എം.എസ്.സി. മെന്റൽ ഹെൽത്ത് നഴ്സിംഗ് കോഴ്സിന് അനുമതി (16 സീറ്റ്) നൽകി. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നഴ്സിംഗ് മേഖലയിൽ സംവരണം അനുവദിക്കുകയും ചെയ്തു.



## ആയുർവേദ ഹോമിയോ ഡിസ്പെൻസറികളുടെ എൻ.എ.ബി.എച്ച് പരിശോധനയ്ക്ക് തുടക്കമായി

**തൃശൂർ:** ആയുർവേദ ഹോമിയോ ഡിസ്പെൻസറികളുടെ ദേശീയ നിലവാരം ഉറപ്പാക്കിയുള്ള എൻട്രിലെവൽ എൻ.എ.ബി.എച്ച് പരിശോധനയ്ക്ക് തുടക്കമായി. ആയുഷ് മേഖലയിൽ നടപ്പിലാക്കി വരുന്ന ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകൾ വഴിയാണ് ഇതു നടപ്പിലാകുന്നത്. മൂന്നു ദിവസങ്ങളിലായി നടക്കുന്ന പരിശോധയിൽ ആറ് ഗവ. ആയുർവേദ ഡിസ്പെൻസറികളും നാല് ഗവ. ഹോമിയോ ഡിസ്പെൻസറികളും ഉൾപ്പെടും.

ആയുർവേദ ഡിസ്പെൻസറികളായ ചെങ്ങാലൂർ, ചൊവ്വന്നൂർ, അയ്യന്തോൾ, മുണ്ടത്തിക്കോട്, കോടന്നൂർ, അവിട്ടത്തൂർ എന്നിവയും ഹോമിയോ ഡിസ്പെൻസറികളായ കൊണ്ടാഴി, കൈപറമ്പ്, പഴയന്നൂർ, അയ്യന്തോൾ എന്നിവയുമാണ് ഇപ്പോൾ പരിശോധനയ്ക്ക് വിധേയമാക്കുന്നത്. ഇതു സംബന്ധിച്ച് അയ്യന്തോൾ ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ നടന്ന ജില്ലാതല പ്രാരംഭ യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. കോർപ്പറേഷൻ ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷൻ പി കെ ഷാജൻ അധ്യക്ഷത വഹിച്ചു.

ഡെപ്യൂട്ടി മേയർ എം എൽ റോസി, കൗൺസിലർ സജിത ഷിബു, എൻ.എ.ബി.എച്ച് ദേശീയ പരിശോധകൻ ഡോ. ജിതിൻ കെ നായർ, ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പി ആർ സലജകുമാരി, ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ലീനാറാണി, നാഷണൽ ആയുഷ് മിഷൻ ഡി.പി.എം ഡോ. എം എസ് നൗഷാദ്, മെഡിക്കൽ ഓഫീസർമാരായ ഡോ. അനിത സുകുമാരൻ, ഡോ. തുഷാര ജോയ് തുടങ്ങിയവർ സംസാരിച്ചു.

## സംഘാടകസമിതി രൂപീകരിച്ചു

**പാലക്കാട്:** ഡിസംബർ ഒന്നിന് ചെർപ്പുളശ്ശേരിയിൽ നടക്കുന്ന നവകേരള സദസിന്റെ ഭാഗമായി ഷൊർണൂർ നിയോജകമണ്ഡലംതല സംഘാടകസമിതി രൂപീകരണ യോഗം നടന്നു. പി. മമ്മിക്കുട്ടി എം.എൽ.എ ഉദ്ഘാടനം ചെയ്തു. 501 അംഗ സംഘാടക സമിതിക്കും 101 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിക്കും രൂപം നൽകി. പി. മമ്മിക്കുട്ടി എം.എൽ.എ ചെയർമാനും ഒറ്റപ്പാലം തഹസിൽദാർ സി.എം അബ്ദുൽ മജീദ് കൺവീനറും എൽ.എസ്.ജി.ഡി പാലക്കാട് അസിസ്റ്റന്റ് ഡയറക്ടർ രാംദാസ് നോഡൽ ഓഫീസറും ചെർപ്പുളശ്ശേരി നഗരസഭ ചെയർമാൻ പി. രാമചന്ദ്രൻ, ചളവറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇ. ചന്ദ്രബാബു, ഷൊർണൂർ നഗരസഭ മുൻ ചെയർമാൻ എസ്. കൃഷ്ണദാസ്, മദ്ദളകലാകാരൻ ചെർപ്പുളശ്ശേരി ശിവൻ, മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റ് എം.ആർ മുരളി, ചെർപ്പുളശ്ശേരി കോഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ കെ. നന്ദകുമാർ എന്നിവർ വൈസ് ചെയർമാന്മാരുമായ സമിതിയാണ് രൂപീകരിച്ചത്. ഏഴ് സബ് കമ്മിറ്റികളും രൂപീകരിച്ചു. ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും പഞ്ചായത്ത്, നഗരസഭ അടിസ്ഥാനത്തിലുള്ള സംഘാടകസമിതി യോഗങ്ങൾ വിളിച്ചുചേർക്കാൻ തീരുമാനിക്കുകയും ചെയ്തു. ചെർപ്പുളശ്ശേരി ലക്ഷ്മി ഓഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ മണ്ഡലത്തിൽ നിന്നുള്ള വിവിധ ജനപ്രതിനിധികളും സഹകരണ മേഖലയിലെ ഭരണസമിതി അംഗങ്ങൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, യുവജനപ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തു.

## കേരളത്തിന് അനുയോജ്യമായ മത്സ്യ ഉത്പാദന വിപണന പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുന്നു

**പാലക്കാട്:** കേരളത്തിന് അനുയോജ്യമായ മത്സ്യ ഉത്പാദന വിപണന പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കുന്നതെന്ന് ഫിഷറീസ്സാംസ്ക്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ. മത്സ്യ മേഖലയിൽ നൂതനമായ ആശയങ്ങളുമായാണ് സർക്കാർ പ്രവർത്തിക്കുന്നത്. മത്സ്യ മേഖലയിൽ കേരളത്തിന് വലിയ സാധ്യതകളുണ്ടെന്നും മന്ത്രി പറഞ്ഞു. ആലത്തൂർ മത്സ്യ ഭവൻ കെട്ടിടം മംഗലംഡാമിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ഏറ്റവും കൂടുതൽ കടലും ഉൾനാടൻ ജലാശയങ്ങളുമായുള്ള നാടാണ് കേരളം. മത്സ്യ ഉത്പാദന വിപണന മേഖലയിലെ പ്രശ്നങ്ങൾ പരിഹരിച്ചാൽ വലിയ സാധ്യതകളാണ് ഉള്ളത്. സംസ്ഥാനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ കേരളത്തിന്റെ സാമ്പത്തിക മേഖലക്ക് വലിയ ഉണർവുണ്ടാകും. ഉൾനാടൻ ജലാശയങ്ങൾ മത്സ്യ കൃഷിക്കായി ഉപയോഗിക്കാൻ തയ്യാറാവേണ്ടിയിരിക്കുന്നു. ചെറുപ്പക്കാർ മത്സ്യ മേഖലയിലേക്ക് കടന്നുവരണമെന്നും മന്ത്രി പറഞ്ഞു.

മാർക്കറ്റിൽ നല്ല വിപണി വില ലഭിക്കുന്ന മത്സ്യങ്ങൾ ഉത്പാദിപ്പിക്കണം. മത്സ്യകൃഷി വ്യാപിക്കുന്നതിന് പഞ്ചായത്ത് ഉൾപ്പെടെ ത്രിതല സംവിധാനങ്ങളുമായി യോജിച്ച് മുന്നോട്ടു പോകണം. ഫിഷറീസ് മേഖലയിലെ പിന്നാക്ക അവസ്ഥ മറികടന്ന് 25 വർഷമെങ്കിലും മുന്നോട്ട് എത്തുക എന്നതാണ് സർക്കാർ നയം. അടുത്ത 25 വർഷത്തിനുശേഷം ഫിഷറീസ് മേഖലയിൽ എന്ത് നടക്കണം എന്നാണ് സർക്കാർ ഇപ്പോൾ ആലോചിക്കുന്നത്. ആ നിലയിൽ ഒരു സ്ട്രാറ്റജിയാണ് സർക്കാർ നടപ്പാക്കുന്നത്. മത്സ്യം ഉപയോഗിച്ചുകൊണ്ട് ഒരുപാട് മൂല്യവർധിത ഉത്പന്നങ്ങൾക്ക് സാധ്യതയുണ്ട്. അതിന് വിപണിയിൽ വലിയ ആവശ്യക്കാരും ഉണ്ട്. ഇതിലൂടെ നാട്ടിൽ ഒരുപാട് പേർക്ക് ജോലിയും ലഭിക്കുമെന്നും മന്ത്രി പറഞ്ഞു. 20.75 ലക്ഷം രൂപ ഉപയോഗിച്ചാണ് മത്സ്യഭവന്റെ നിർമാണം പൂർത്തീകരിച്ചിരിക്കുന്നത്.

പരിപാടിയിൽ കെ.ഡി പ്രസേനൻ എം.എൽ.എ അധ്യക്ഷനായി. അഡ്വ. കെ. പ്രേംകുമാർ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ, നെന്മാറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി. ലീലാമണി, ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രജനി ബാബു, കെ. അജിത്, ലസ് ലി വർഗ്ഗീസ്, എസ്. മഹേഷ് തുടങ്ങിയവർ പങ്കെടുത്തു.

## പൊക്കാളി പാടശേഖരങ്ങളിൽ പമ്പ് സ്ഥാപിക്കാൻ 2.06 കോടി അനുവദിച്ചു

**കൊച്ചി:** കുഴുപ്പിള്ളിയിലും പള്ളിപ്പുറത്തുമായി പൊക്കാളി കൃഷിക്കു വേണ്ടി സബ്മേഴ്സിബിൾ പമ്പ് സ്ഥാപിക്കാൻ രണ്ടുകോടി ആറുലക്ഷത്തി മുപ്പത്തിയൊൻപതിനായിരം (2,06,39,000 ) രൂപ അനുവദിച്ചതായി കെ എൻ ഉണ്ണികൃഷ്ണൻ എംഎൽഎ അറിയിച്ചു. പടിഞ്ഞാറൻ കുഴുപ്പിള്ളിയിൽ 200 ഹെക്ടറും പള്ളിപ്പുറത്ത് 50 ഹെക്ടറും വരുന്ന ഐക്യസമാജം പൊക്കാളി നിലങ്ങളിൽ ഒരേസമയം സുഗമമായി പൊക്കാളി കൃഷിയിറക്കാൻ ഇതോടെ സാധിക്കും.

50 ഹോഴ്സ് പവറിന്റെ നാലു സബ്മേഴ്സിബിൾ പമ്പുകളാണ് പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കുന്നത്. അയ്യമ്പിള്ളി, രാമവർമ്മ കനാലുകളിൽ രണ്ടുവീതം പമ്പുകൾ വിന്യസിക്കും. ഇതോടെ പാടശേഖരങ്ങളിലെ വെള്ളം പൂർണ്ണമായി വറ്റിക്കാനും എല്ലായിടത്തും ഒരുമിച്ച് കൃഷിയിറക്കാനും കഴിയുമെന്നു എംഎൽഎ പറഞ്ഞു.

നിലവിൽ 50 ഹോഴ്സ് പവറിന്റെ അഞ്ചു പെട്ടിയും പറയും ഉപയോഗിച്ചാണ് ദുഷ്കരമായ വെള്ളംവറ്റിക്കൽ നടത്തുന്നത്. ഓരോ വർഷവും 25 ലക്ഷത്തോളം രൂപയാണ് ഇതിനു ചെലവ്. പെട്ടിയും പറയും വച്ചാലും കൃഷിയുടെ ഏതെങ്കിലും ഘട്ടത്തിൽ ചിറകളുടെ ബലക്കുറവുമൂലം വെള്ളം കയറി വറ്റിക്കാൻ കഴിയാതെ വരുന്ന സ്ഥിതിക്കും പമ്പുകളുടെ വിന്യാസത്തോടെ ശാശ്വത പരിഹാരമാകും.ഇപ്പോൾ 25 ഹെക്ടർ മാത്രം പാടത്താണ് കൃഷിയിറക്കുന്നത്. പമ്പുകൾ സ്ഥാപിക്കുന്നതോടെ 250 ഹെക്ടർ വിസ്തൃതിയിലേക്ക് കൃഷി വ്യാപിപ്പിക്കാനാകുമെന്നും കെ എൻ ഉണ്ണിക്കൃഷ്ണൻ പറഞ്ഞു. ഏറെ പ്രധാനപ്പെട്ട പദ്ധതി നടപ്പാക്കാൻ കൃഷി വകുപ്പ് അധികൃതരുമായി ചർച്ചകൾ നടത്തുകയും മന്ത്രിക്ക് നിവേദനം നൽകുകയും നിയമസഭയിൽ വിഷയം ഉന്നയിക്കുകയും ചെയ്തിരുന്നു. നാലു പമ്പുകൾക്കായി 1.16 കോടിയിൽ പരവും പമ്പുകൾ വിന്യസിക്കുന്ന പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് 45.77 ലക്ഷവും വൈദ്യുതി ആവശ്യങ്ങൾക്ക് 20 ലക്ഷവും ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായാണ് മൊത്തം രണ്ടുകോടി ആറുലക്ഷത്തി മുപ്പത്തിയൊൻപതിനായിരം രൂപ ആർകെവിവൈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചത്.



# ആദ്യകപ്പലിനെ സ്വീകരിക്കാൻ വിഴിഞ്ഞത്ത് വിപുലമായ ഒരുക്കങ്ങൾ

**വിഴിഞ്ഞം:** നിർദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ഈ മാസം 15ന് ആദ്യ ചരക്കുകപ്പൽ അടുക്കുമെന്ന് തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ.15 ന് വൈകുന്നേരം നാലിന് എത്തുന്ന കപ്പലിനെ വാട്ടർ സല്യൂട്ട് നൽകി സ്വീകരിക്കും.

തുറമുഖത്തിന് ആവശ്യമായ കൂറ്റൻ ക്രെയിനുകളുമായാണ് കപ്പൽ എത്തുന്നത്. അടുത്ത മേയ് മാസത്തോടെ തുറമുഖം ആദ്യഘട്ട പ്രവർത്തനത്തിന് സജ്ജമാകും. ലോകത്തെ ഏറ്റവും വലിയ കപ്പലുകൾക്കുപോലും സുഗമമായി വന്നുപോകാനുള്ള സൗകര്യം തുറമുഖത്തുണ്ടെന്നും വിഴിഞ്ഞം തുറമുഖത്ത് സന്ദർശനം നടത്തിയ ശേഷം മാധ്യമ പ്രവർത്തകരോട് മന്ത്രി പറഞ്ഞു. 20 മീറ്ററിൽ കൂടുതൽ സ്വാഭാവികമായ ആഴം വിഴിഞ്ഞം തുറമുഖത്തിനുള്ളതിനാൽ ഏതു കൂറ്റൻ കപ്പലുകൾക്കും അനായാസം വിഴിഞ്ഞത്തു വന്നുപോകാൻ കഴിയും. രാജ്യാന്തര കപ്പൽച്ചാലിൽനിന്നു 10 നോട്ടിക്കൽ മൈൽ ദൂരംമാത്രമാണ് വിഴിഞ്ഞത്തേക്കുള്ളത്. വിഴിഞ്ഞം തുറമുഖം വഴി കേരളത്തിലേക്ക് കൂടുതൽ വിദേശ സഞ്ചാരികളെ എത്തിക്കുന്നതിനുള്ള ചർച്ചകൾ നടന്നു വരികയാണ്.

ഏറ്റവും കൂടുതൽ ഫൈവ് സ്റ്റാർ ഹോട്ടലുകളുള്ള സംസ്ഥാനം കേരളമാണ്. വിഴിഞ്ഞം തുറമുഖം വരുന്നതോടെ കൂടുതൽ സ്റ്റാർ ഹോട്ടലുകൾ വരും. തുറമുഖത്തിനായി സ്ഥലം വിട്ടു നൽകിയവർക്കും താമസ സൗകര്യം നഷ്ടമായവർക്കും പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നുണ്ട്. നാട്ടുകാരായ തൊഴിലാളികൾക്ക് ജോലി ഉറപ്പുവരുത്തും.

അസാപിൻറെ നേതൃത്വത്തിൽ തൊഴിലാളികൾക്കായി സാങ്കേതിക പരിശീലന കേന്ദ്രം ആരംഭിക്കും. അയ്യായിരത്തോളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ ആദ്യഘട്ടത്തിൽ കഴിയും. നാവായികുളം വിഴിഞ്ഞം റിംഗ് റോഡ് വരുന്നതോടെ റോഡിനിരുവശത്തും വ്യവസായ കേന്ദ്രങ്ങൾ വരും.

തുറമുഖത്തിനോടു ചേർന്ന് റിംഗ് റോഡിനായി 6,000 കോടി രൂപ സർക്കാർ മാറ്റിവച്ചിട്ടുണ്ടെന്നും തുറമുഖത്തിൻറെ മൂന്നാംഘട്ടം 2027ൽ പൂർത്തിയാക്കാനാകുമെന്നാണ് കരുതുന്നതെന്നും മന്ത്രി അഹമ്മദ് ദേവർകോവിൽ വ്യ ക്തമാക്കി.

15ന് ആദ്യ ചരക്ക് കപ്പലിനെ സ്വീകരിക്കാനുള്ള മുന്നൊരുക്കങ്ങൾ അവസാന ഘട്ടത്തിലാണ്. 5000 പേർക്ക് ഇരിക്കാനുള്ള കൂറ്റൻ പന്തലാണ് തുറമുഖത്ത് ഒരുക്കുന്നത്.

സ്വീകരണ ചടങ്ങുകൾക്ക് മുന്നോടിയായി അവസാന വട്ട ഒരുക്കങ്ങളും നിർമാണ പുരോഗതിയും വിലയിരുത്താൻ ഇന്നലെ എത്തിയ തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിലിനെ തുറമുഖം അദാനി ഗ്രൂപ്പ് വിഴിഞ്ഞം സിഇഒ രാജേഷ് ഝാ, കോർപറേറ്റ് അഫയേഴ്സ് മേധാവി സുശീൽ നായർ എന്നിവർ ചേർന്നു സ്വീകരിച്ച് നിർമാണ പുരോഗതി വിശദീകരിച്ചു. വിസിൽ എംഡി അദീല അബ്ദുള്ളയും മന്ത്രിക്കൊപ്പം ഉണ്ടായിരുന്നു.

# കേപ്പ് കോളജ് ഓഫ് നഴ്സിംഗ് ആലപ്പുഴയിൽ

**അമ്പലപ്പുഴ:** സംസ്ഥാന സഹകരണവകുപ്പിൻറെ കീഴിൽ പ്രവർത്തിക്കുന്ന കോഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രഫഷണൽ എഡ്യൂക്കേഷൻറെ ആദ്യ നഴ്സിംഗ് കോളജ് പ്രവർത്തനം ആരംഭിക്കുന്നു.

കേപ്പ് കോളജ് ഓഫ് നഴ്സിംഗ് ആലപ്പുഴയിലാണ് ആരംഭിക്കുന്നത്. കോളജിന് സംസ്ഥാന സർക്കാരിൻറെയും ആരോഗ്യ സർവകലാശാലയുടെയും കേരള നഴ്സ് ആൻഡ് മിഡ് വൈഫ് കൗൺസിലിൻറെയും അംഗീകാരം ലഭിച്ചു.

202324 അക്കാഡമിക് വർഷം പുന്നപ്രയിലെ അക്ഷരനഗരിയിൽ കോളജ് പ്രവർത്തനമാരംഭിക്കും. തുടക്കത്തിൽ 50 സീറ്റുകളാണ് അനുവദിച്ചിട്ടുള്ളത്. നാല്പതിനായിരം ചതുരശ്ര അടിയിൽ പണി പൂർത്തിയായ മൂന്നുനില കെട്ടിടത്തിൽ ബിഎസ്സി നഴ്സിംഗിനുവേണ്ട ക്ലാസ് മുറികൾ, ആവശ്യമായ ആധുനിക ലാബോറട്ടറി സൗകര്യങ്ങൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്.



പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, അസോസിയേറ്റ് പ്രഫസർ, അസി. പ്രഫസർ, സീനിയർ ലക്ചറർ എന്നിവരെ നിയമിച്ചു. 250 പേരെ താമസിപ്പിക്കാവുന്ന പെൺകുട്ടികളുടെ ഹോസ്റ്റലും 50 പേരെ താമസിപ്പിക്കാവുന്ന ആൺകുട്ടികൾക്കായുള്ള ഹോസ്റ്റലും തയാറായി.

ക്ലിനിക്കൽ പ്രാക്ടീസിനായി അക്ഷരനഗരിയിൽ തന്നെയുള്ള സാഗര സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റലിൻറെയും ആലപ്പുഴ ജനറൽ ഹോസ്പിറ്റലിൻറെയും സേവനം ഉപയോഗപ്പെടുത്തും. പത്തനാപുരത്തും ആറന്മുളയിലും പുതിയ നഴ്സിംഗ് കോളജുകൾക്കായുള്ള അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.



# അരുവിത്തുറ പള്ളിയുടെ സ്വപ്നപദ്ധതി സഹദാ ഗാർഡൻസ് പൂർത്തിയായി

**അരുവിത്തുറ:** നാട്ടിലെ നിർധനരായ 22 ഭവനരഹിതർക്ക് വീടൊരുക്കി അരുവിത്തുറ ഫൊറോന ഇടവക. വീടൊന്നിന് 10 ലക്ഷം രൂപ ചെലവഴിച്ചാണ് നിർമാണം. സാധാരണ ഭവനപദ്ധതിയിൽനിന്നു വ്യത്യസ്തമായി വീടിനൊപ്പം 10 സെൻറ് സ്ഥലവും നൽകുന്നതാണ് അരുവിത്തുറ പള്ളിയുടെ സ്വപ്ന പദ്ധതിയായ സഹദാ ഗാർഡൻസ്. 10 സെൻറ് സ്ഥലത്താണ് 650 ചതുരശ്രയടി വിസ്തീർണമുള്ള ഓരോ വീടും.

അരുവിത്തുറ പള്ളി മുന്നോട്ടുവച്ച സാമൂഹിക, സാംസ്കാരിക, ആത്മീയ, ഭൗതിക മുന്നേറ്റമായ സഹദാ കർമ പരിപാടിയുടെ ഭാഗമായിട്ടാണ് ഭവനങ്ങൾ പൂർത്തിയായിരിക്കുന്നത്. 14ന് ഉച്ചകഴിഞ്ഞ് സ്നേഹഭവനങ്ങളുടെ വെഞ്ചരിപ്പ് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുമെന്ന് ഫൊറോന വികാരി റവ. ഡോ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ പത്രസമ്മേളനത്തിൽ പറഞ്ഞു.

അരുവിത്തുറ പെരുന്നിലം ഭാഗത്ത് പള്ളി വാങ്ങിയ രണ്ടര ഏക്കർ സ്ഥലത്താണ് വീടുകൾ നിർമിച്ചിരിക്കുന്നത്. ഓരോ ഭവനത്തിൻറെയും സ്വകാര്യത പരിഗണിച്ചാണ് നിർമാണം. എല്ലാ വീട്ടിലും വാഹനം എത്തും.

വാഹനം വീടിനോടു ചേർന്ന് പാർക്കും ചെയ്യാം. ശുദ്ധജലത്തിനായി കുളവും ഒത്തുകൂടുന്നതിനും കുട്ടികൾക്ക് കളിക്കുന്നതിനുമായി പൊതുവായ മൈതാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വീട്ടുമുറ്റത്ത് പൂക്കളും പച്ചക്കറികളും കൃഷി ചെയ്യാൻ സൗകര്യമുണ്ട്. 22 ഭവനങ്ങൾക്കു പുറമേ 10 ഭവനങ്ങളുടെ നിർമാണവും പദ്ധതിയിലുണ്ട്. പാലാ രൂപത ഹോം പ്രോജക്ടുമായി ചേർന്നാണ് വീടുകൾ ഒരുക്കിയിരിക്കുന്നത്.

അരുവിത്തുറ പ്രദേശത്തെ സുമനസുകൾ സംഭാവനയായി നൽകിയ ഒരു കോടി രൂപയും ബാക്കി ഇടവകയിൽനിന്നു നേരിട്ട് ചെലവഴിച്ചും ഏതാണ്ട് എട്ടു മാസംകൊണ്ടാണ് പദ്ധതി പൂർത്തിയായത്.

2019 ൽ വികാരി റവ. ഡോ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ ഭവന സന്ദർശനത്തിനിടെ സ്വന്തമായി ഭവനമില്ലാത്തവരുടെ ദുരിതവും ദുഃഖവും നേരിട്ട് മനസിലാക്കിയതിനെത്തുടർന്നാണ് സഹദാ ഗാർഡൻസ് എന്ന സ്വപ്ന പദ്ധതിയുടെ ആശയം ഉയർന്നുവന്നത്.

ഫൊറോന വികാരി റവ.ഡോ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിലിനോടൊപ്പം സഹവികാരിമാരായ ഫാ. ജോയൽ പണ്ടാരപ്പറമ്പിൽ, ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ, ഫാ. ജോസഫ് കദളിയിൽ, ഫാ. സെബാസ്റ്റ്യൻ നടുത്തടം, കോളജ് ബർസാർ ഫാ. ബിജു കുന്നയ്ക്കാട്ട്, കൈക്കാരന്മാരായ കെ.എം. തോമസ് കുന്നയ്ക്കാട്ട്, ജോസുകുട്ടി കരോട്ടുപുള്ളോലിൽ, പ്രിൻസ് പോർക്കാട്ടിൽ, ടോം പെരുന്നിലം, സഹദാ ജനറൽ കൺവീനർ ഡോ. റെജി വർഗീസ് മേക്കാടൻ, ഡോ. ആൻസി വടക്കേച്ചിറയാത്ത്, ജെയ്സൺ കൊട്ടുകാപ്പള്ളിൽ, ജോൺസൺ ചെറുവള്ളിൽ, ജോണി കൊല്ലംപറമ്പിൽ, ഡോൺ ഇഞ്ചേരിൽ തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു വീടുകളുടെ നിർമാണവും പൂർത്തീകരണവും.

# ബീച്ചിലെ നടപ്പാത 1.69 കോടി രൂപയുടെ പദ്ധതി

**ഫോർട്ട്കൊച്ചി:** ബീച്ചിലെ നടപ്പാത നവീകരണം കെഎംആർഎൽ നേതൃത്വത്തിൽ മുന്നോട്ട്. ടൈലുകൾ മാറ്റി പുതിയവ വിരിക്കുന്ന ജോലിയും നടപ്പാതയിൽ പുതിയ വിളക്കുകൾ സ്ഥാപിക്കുന്ന ജോലിയുമാണ് നടക്കുന്നത്. ബീച്ചിന് സമീപം 3 ഹൈമാസ്റ്റ് ലൈറ്റുകൾ കൂടി സ്ഥാപിക്കുന്നതോടെ ബീച്ചിലെ ഇരുട്ട് അകലും.

1.69 കോടി രൂപയുടെ പദ്ധതിയാണ് കെഎംആർഎൽ നടപ്പാക്കുന്നത്. വാട്ടർ മെട്രോ കമാലക്കടവ് ജെട്ടി ഉദ്ഘാടനം ചെയ്യുന്നതിന് മുൻപ് നടപ്പാത നവീകരിക്കുകയാണ് ലക്ഷ്യം.

ബീച്ചിൽ സ്ഥാപിച്ചിട്ടുള്ള ബോയിലർ അടക്കം ചരിത്രവുമായി ബന്ധപ്പെട്ട വസ്തുക്കൾ സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും. ഇവയുടെ സമീപം അതിന്റെ ചരിത്രം വ്യക്തമാക്കുന്ന ബോർഡുകൾ സ്ഥാപിക്കും.

ജല മെട്രോ ടെർമിനലിന് സമീപം നിലവിൽ മത്സ്യവിൽപന നടത്തുന്നവർക്കായി ആധുനിക രീതിയിലുള്ള 5 കിയോസ്കുകളും നിർമിച്ചു നൽകും.

## അസാപ് കമ്യൂണിറ്റി സ്കിൽ പാർക്ക് ഇനി നാടിന് സ്വന്തം

**പാമ്പാടി:** അസാപ് തൊഴിൽ പരിശീലന കേന്ദ്രം യുവജനങ്ങൾക്കു നേട്ടമുണ്ടാക്കുന്ന സ്ഥാപനമെന്നു മന്ത്രി ഡോ. ആർ.ബിന്ദു. വൈദഗ്ധ്യം വേണ്ട തൊഴിലുകളിൽ മികച്ച പരിശീലനം നൽകാനും തൊഴിൽസംരംഭം സൃഷ്ടിക്കാനും അസാപ്പിനു കഴിയുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. പാമ്പാടിയിൽ നിർമിച്ച അസാപ് കമ്യൂണിറ്റി സ്കിൽ പാർക്ക് മന്ത്രി നാടിനു സമർപ്പിച്ചു. ദേശീയ രാജ്യാന്തര നിലവാരമുള്ള കോഴ്സുകളിൽ യുവാക്കൾക്കു തൊഴിൽ പരിശീലനം നൽകാനായി 14.68 കോടി രൂപ ചെലവിലാണു പാർക്ക് യാഥാർഥ്യമാക്കിയത്. മന്ത്രി വി.എൻ.വാസവൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ചാണ്ടി ഉമ്മൻ എംഎൽഎ, തോമസ് ചാഴികാടൻ എംപി, അസാപ് കേരള അധ്യക്ഷ ഡോ. ഉഷ ടൈറ്റസ്, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മറിയാമ്മ എബ്രഹാം, പാമ്പാടി പഞ്ചായത്ത് പ്രസിഡന്റ് ഡാലി റോയി എന്നിവർ പ്രസംഗിച്ചു.

28,193,13 ചതുരശ്രയടി വിസ്തീർണമുള്ള മൂന്നുനില മന്ദിരം രാജ്യാന്തര നിലവാരത്തിലാണ് ഒരുക്കിയിട്ടുള്ളത്. സാങ്കേതികവിദ്യ അധിഷ്ഠിതമാക്കി നൂതന പരിശീലന പരിപാടികൾക്കുള്ള സംവിധാനം സ്കിൽ പാർക്കിൽ ഒരുക്കിയിട്ടുണ്ട്. ആധുനിക ക്ലാസ് മുറികളും ഐടി ലാബ് സൗകര്യവുമുണ്ട്. വിദ്യാർഥികൾക്കു വസ്ത്രം മാറാൻ ലോക്കർ സൗകര്യമുള്ള മുറികൾ, കോൺഫറൻസ് ഹാൾ, 5 പരിശീലന ഹാളുകൾ, 7 ക്ലാസ് മുറികൾ, ലൈബ്രറി, ഓഫിസ് എന്നിവ പാർക്കിന്റെ ഭാഗമാണ്. സ്കിൽ പാർക്ക് ഭിന്നശേഷിസൗഹൃദമാണ്.

## സാന്ത്വന പരിചരണ രോഗികൾക്കിനി 'നഗരയാത്ര' നടത്താം ; പദ്ധതിയുടെ ഉദ്ഘാടനം ഒക്ടോബർ 14 ന്

**കോഴിക്കോട്:**പാർശ്വവൽക്കരിക്കപ്പെട്ട സാന്ത്വന പരിചരണ രോഗികൾക്ക് നഗരയാത്ര ഒരുക്കിയിരിക്കുകയാണ് എറണാകുളം ജനറൽ ആശുപത്രിയിലെ പാലിയേറ്റീവ് വിഭാഗം. ലോക ഹോസ്പിസ് ദിനത്തോട് അനുബന്ധിച്ചാണ് പരിപാടി. 'കനിവ്' ചുമട്ടു തൊഴിലാളികളുടെ സഹായ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

നാല് ചുവരുകൾക്കിടയിൽ എരിഞ്ഞു തീരുന്ന ജീവിതങ്ങൾക്ക് സ്മൃതികാല ഓർമ്മകളിലൂടെയുള്ള ഒരു യാത്രയാകും ഇത്. പണ്ട് നടന്നു നീങ്ങിയ വഴികൾ, പഠിച്ച സ്കൂളുകൾ ,പാർക്കുകൾ, മാളുകൾ, ദേവാലയങ്ങൾ , സാംസ്ക്കാരിക കേന്ദ്രങ്ങൾ ഭക്ഷണശാലകൾ എന്നിങ്ങനെ സാന്ത്വന പരിചരണ രോഗികൾ ആഗ്രഹിക്കുന്ന ഏത് കേന്ദ്രങ്ങളിലേക്കും തിരിച്ചും, യാത്ര ഒരുക്കുന്നതാണ് ഈ പദ്ധതി.

പദ്ധതിയുടെ ഉദ്ഘാടനം ഒക്ടോബർ 14 ന് കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ നിർവഹിക്കും. ചടങ്ങിൽ ഹൈബി ഈഡൻ എം. പി മുഖ്യപ്രഭാഷണം നടത്തും. വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രയാണം പരിപാടിയിൽ ആഴ്ചയിൽ രണ്ടു ദിവസം പാലിയേറ്റീവ് പരിചരണത്തിനുള്ള രോഗികളെ വീട്ടിലെത്തി അവർ ആഗ്രഹിക്കുന്ന കേന്ദ്രത്തിലേക്ക് യാത്ര സാധ്യമാക്കും. പദ്ധതിക്ക് വേണ്ടി വരുന്ന ഓട്ടോറിക്ഷ സൗകര്യം സൗജന്യമായി കനിവ് സിറ്റി ചുമട്ട് തൊഴാളികളുടെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്. ഉദ്ഘാടന ദിവസത്തിൽ അഞ്ച് സാന്ത്വന പരിചരണ രോഗികളുടെ യാത്രാ സ്വപ്നം യഥാർഥ്യമാക്കും.

എറണാകുളം ജനറൽ ആശുപത്രിലെ പാലിയേറ്റീവ് വിഭാഗം നൂതനമായ കരുതൽ പ്രക്രിയയിലൂടെ മുന്നേറുകയാണ് എന്ന് മെഡിക്കൽ ഓഫീസർ ഡോ. അനു പറഞ്ഞു. നിലവിൽ ആയിരത്തിലേറെ പേർ ഒ.പിയുടെയും ഗൃഹകേന്ദ്രീകൃത പദ്ധതിയുടെയും ഉപഭോക്താക്കളായിട്ടുണ്ട്. കിഴിഞ്ഞ സെപ്തംബർ 29 ന് സഫലമീയാത്ര എന്ന പേരിൽ പാലിയേറ്റീവ് രോഗികൾ അടങ്ങുന്ന 23 പേർക്ക് ആകാശയാത്ര സാധ്യമാക്കി എറണാകുളം ജനറൽ ആശുപത്രിയിലെ പാലിയേറ്റീവ് വിഭാഗം ശ്രദ്ധ ആകർഷിച്ചിരുന്നു.

# കുങ്കിച്ചിറ മ്യൂസിയത്തിൻെറ പേരിലൊരു സസ്യം



**കൽപ്പറ്റ:** വയനാട്ടിൽ കണ്ടെത്തിയ പുതിയ സസ്യത്തിന് മലബാറിലെ ഏറ്റവും വലിയ മ്യൂസിയമായി പ്രവർത്തനം ആരംഭിച്ച കുങ്കിച്ചിറ പൈതൃകമ്യൂസിയത്തിൻെറ പേര് നൽകി.

വയനാടിൻെറ ജൈവ സാംസ്കാരിക പെരുമ വിളിച്ചോതുന്ന മ്യൂസിയത്തിൻെറ വിവരശേഖരണത്തിനായി നടത്തിയ ഗവേഷണങ്ങൾക്കിടയിൽ ചൂരൽമലയിലെ അരുവികളിൽ നിന്ന് ലഭിച്ച ജലസസ്യം പുതിയ ഇനമാണെന്ന് കണ്ടെത്തുകയും ശാസ്ത്ര വിവരണമായി പ്രസിദ്ധീകരിക്കുകയും ലാജേനാന്ദ്ര കുങ്കിച്ചിറി മ്യൂസിയാമെൻസിസ് എന്ന് പേര് നൽകുകയും ചെയ്തു.

ഈ വിഭാഗത്തിലെ മറ്റ് സസ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇവയുടെ പൂങ്കുലയ്ക്കും പൂങ്കുലയുടെ പുറംപാളിക്കും വാല് ഇല്ല.

ആലപ്പുഴ സനാതന ധർമ്മ കോളജിലെ സസ്യ ശാസ്ത്ര വിഭാഗം അധ്യാപകനായ ഡോ. ജോസ് മാത്യു, കൽപ്പറ്റ സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനിലെ ടെക്നിക്കൽ ഓഫിസർ സലിം പിച്ചൻ, ഹരിപ്പാട് സ്വദേശി കൽപ്പനമോൾ എന്നിവരടങ്ങുന്ന സംഘമാണ് കണ്ടെത്തലിന് പിന്നിൽ.

ലോകചരിത്രത്തിൽ ആദ്യമായാണ് ഒരു മ്യൂസിയത്തിൻെറ പേരിൽ ഒരു സസ്യം അറിയപ്പെടുന്നത്.ടൂറിസം മന്ത്രി മുഹമ്മദ് റിയാസ് മ്യൂസിയം ഉദ്ഘാടനദിവസം ഈ സസ്യത്തിൻെറ തൈകൾ മ്യൂസിയത്തിനുള്ളിൽ നടുകയും ചെയ്തു.

# കൊല്ലങ്കോട്ടെ നെൽപാടങ്ങളിൽ ലക്ഷ്മി രോഗം; ആശങ്ക



**കൊല്ലങ്കോട്:** വിളഞ്ഞ നെൽപാടങ്ങളിൽ ലക്ഷ്മി രോഗം(ഫാൾസ് സ്മട്) പടരുന്നതു ഒന്നാം വിള നെൽക്കൃഷിയിൽ ഉൽപാദനക്കുറവ് ഉണ്ടാക്കുമെന്ന് ആശങ്ക. കൊല്ലങ്കോട് പഞ്ചായത്തിലെ നെല്ലിയാമ്പതി മലനിരയുടെ താഴ്വാരത്തുള്ള തോണ്ടക്കാട്, നെന്മേനി, തേക്കിൻചിറ പ്രദേശത്തെ വിളഞ്ഞു തുടങ്ങിയ നെൽപാടങ്ങളിലാണു ലക്ഷ്മി രോഗം കൂടുതലായി കണ്ടിരിക്കുന്നത്. കതിരു വന്ന നെൽചെടികളിലെ നെന്മണികളെ ആക്രമിച്ച് മണികൾക്കു പകരം മഞ്ഞ നിറത്തിലുള്ള കുമിളിന്റെ തന്തുക്കൾ അടങ്ങിയ ഗോളങ്ങളാക്കി മാറ്റുന്നതാണു രോഗ ലക്ഷണം.

ഈ രോഗബാധ ഉണ്ടായാൽ 40 ശതമാനം വരെ വിളവിൽ കുറവ് ഉണ്ടാവുക പതിവുണ്ടെന്നു കാർഷിക വിദഗ്ധർ പറയുന്നു. കതിരു വരുന്ന സമയത്തു ലക്ഷണങ്ങൾ കണ്ടു തുടങ്ങും. വിളഞ്ഞു വരുന്ന കതിരുകളിലെ ചില നെന്മണികൾ മഞ്ഞ നിറത്തിൽ ഉരുണ്ട് പഞ്ഞി പോലെ കാണപ്പെടുന്നു. പിന്നീട് അവ കടും പച്ച നിറത്തിലോ കറുപ്പു നിറത്തിലോ ആയി മാറും. കതിരിലെ കുറച്ചു നെന്മണികൾ മാത്രമേ രോഗ ബാധ ഉണ്ടാവുകയുള്ളുവെങ്കിലും അത് ഉൽപാദനക്കുറവിനു വഴി വയ്ക്കും. കാറ്റ് ഈ ഫംഗസ് രോഗത്തിന്റെ വ്യാപനത്തിനു വഴി വയ്ക്കുന്ന പ്രധാന ഘടകമാണ്. ഉയർന്ന ആപേക്ഷിക ആർദ്രതയും കുറഞ്ഞ താപനിലയും മഴ പെയ്യുന്നതും പൂവിടുമ്പോൾ മേഘാവൃതമായ ദിവസങ്ങളും രോഗ വ്യാപനത്തിന് അനുകൂലമാണ്.

നെല്ലിയാമ്പതിയുടെ താഴ്വാരത്ത് ഏതാനും ദിവസങ്ങളായി രാവിലെയും വൈകിട്ടും മഞ്ഞിന്റെ സാന്നിധ്യം ഉള്ളതാണു കീടവ്യാപനത്തിനു കാരണമെന്നാണു വിലയിരുത്തൽ. അമിതമായ അളവിൽ നൈട്രജൻ വളങ്ങളുടെ പ്രയോഗം, പ്രത്യേകിച്ചു പൂവിടുന്ന ഘട്ടത്തിൽ അണുബാധയ്ക്കുള്ള സാധ്യത വർധിപ്പിക്കും. കീടബാധയുണ്ടായ നെൽച്ചെടികളുടെ വിളാവശിഷ്ടങ്ങൾ നശിപ്പിച്ച് കളയുകയാണു പ്രധാന നിയന്ത്രണ മാർഗം.

## മിഷൻ ഇന്ദ്രധനുഷ് 5.0 : മൊബൈൽ ഐ ഇ സി വാഹനങ്ങൾ ഫ്ലാഗ് ഓഫ് ചെയ്തു

**കോഴിക്കോട്:** കുട്ടികളുടേയും ഗർഭിണികളുടേയും രോഗപ്രതിരോധ കുത്തിവെപ്പ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യവകുപ്പിന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും നേതൃത്വത്തിൽ നടപ്പിലാക്കുന്ന മിഷൻ ഇന്ദ്രധനുഷ് തീവ്രയജ്ഞത്തിന്റെ മൊബൈൽ ഐ.ഇ.സി വാഹനത്തിന്റെ ഫ്ളാഗ് ഓഫ് കർമ്മം സബ് കലക്ടർ വി ചെൽസാസിനി നിർവഹിച്ചു.

ജില്ലയിലെ രോഗപ്രതിരോധ കുത്തിവെപ്പ് കുറഞ്ഞ മേഖലകളായ വളയം, കുറ്റ്യാടി, തിരുവള്ളൂർ, നാദാപുരം, കുന്ദമംഗലം, കൊടുവള്ളി എന്നിവ കേന്ദ്രീകരിച്ചാണ് മൊബൈൽ ഐ.ഇ.സി ക്യാമ്പയിൻ.

കുത്തിവെപ്പെടുക്കാൻ വിമുഖത കാണിക്കുന്നവരുടെ ഗൃഹസന്ദർശനം, പൊതുജനങ്ങൾക്കായി അവബോധം, ആളുകളിൽ നേരിട്ടെത്തി മിഷൻ ഇന്ദ്രധനുഷിന്റെ പ്രചരണം, സംശയങ്ങൾ ദൂരീകരിക്കുക, വാക്സിൻ എടുക്കാത്തതിന്റെ കാരണങ്ങൾ കണ്ടെത്തുക എന്നിവയാണ് ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്.

സച്ചിൻ ബാബു, എൻ.എച്ച്.എം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.ഷാജി സി.കെ, എം. സി എച്ച് ഓഫീസർ പുഷ്പ എം. പി, എൻ. എച്ച്. എം കൺസൽട്ടന്റ് ദിവ്യ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തു.

## മദ്രാസ് ഐഐടിയിൽ സ്കൂൾ ഓഫ് സസ്റ്റെയിനബിലിറ്റി



**ചെന്നൈ:** മദ്രാസ് ഐഐടിയിൽ സ്!കൂൾ ഓഫ് സസ്റ്റെയിനബിലിറ്റി തുടങ്ങി. സുസ്ഥിരതയെക്കുറിച്ച് പുതിയ ഇൻറർഡിസിപ്ലിനറി കോഴ്സുകൾ, ഗവേഷണ സമനıയം തുടങ്ങിയവ ഉൾക്കൊള്ളുന്ന സ്കൂൾ ഓഫ് സസ്റ്റെയിനബിലിറ്റി

സെൻറർ ഓഫ് എക്സലൻസ് എന്ന നിലയ്ക്ക് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡിപ്പാർട്ട്!മെൻറുകളിലെയും റിസർച്ച് സെൻററുകളിലെയും ഫാക്കൽറ്റി അംഗങ്ങളെ ഭാഗഭാക്കാക്കും.ഉദ്ഘാടനച്ചടങ്ങിൽ ധനകാര്യ പാർലമെൻററി സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സണുമായ ജയന്ത് സിൻഹ എംപി , മദ്രാസ് ഐഐടി ഡയറക്ടർ പ്രൊഫ.വി. കാമകോടി, സ്!കൂൾ ഓഫ് സസ്റ്റെയിനബിലിറ്റി മേധാവി പ്രൊഫ. അശിൻ മഹാലിംഗം, സ്!കൂൾ അസോസിയേറ്റ് മേധാവി പ്രൊഫ. രജനീഷ് കുമാർ എന്നിവർ പങ്കെടുത്തു. ഫാക്കൽറ്റി, സ്റ്റാഫ്, വിദ്യാർത്ഥികൾ എന്നിവർ സന്നിഹിതരായി.സസ്റ്റെയിനബിലിറ്റിയിൽ മൈനർ കോഴ്സിനും ഇൻറർ ഡിസിപ്ലിനറി മാസ്റ്റേഴ്സ് പ്രോഗ്രാമിനും പുറമെ, പ്രൊഫഷണലുകൾക്കു ഓൺലൈനായുൾപ്പെടെ വൈവിധ്യമാർന്ന കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ നൽകാനും സ്കൂൾ പദ്ധതിയിടുന്നു. അധ്യാപനത്തിനു പുറമേ, അടിസ്ഥാന ശാസ്ത്ര ഗവേഷണം, സാങ്കേതിക വികസനം, ട്രാൻസ്!ഫർ, യഥാർത്ഥ ലോകം പ്രോജക്ട് നടപ്പാക്കൽ,

നയ ഉപദേശക പ്രവർത്തനങ്ങൾ എന്നിവയ്ക്ക് സ്!കൂൾ ഊന്നൽ നൽകും. ഏതാനും വർഷങ്ങൾക്കകം സസ്റ്റെയിനബിലിറ്റിയിൽ ഇൻറഗ്രേറ്റഡ് ഡ്യുവൽ ഡിഗ്രി പ്രോഗ്രാം ആരംഭിക്കാൻ സ്കൂൾ പദ്ധതിയിടുന്നുണ്ട്.

## സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗിൽ പങ്കെടുക്കാൻ 85 വിദേശ താരങ്ങൾ




**കൊച്ചി:** ഫെഡറേഷൻ ഓഫ് മോട്ടോർ സ്പോർട്സ് ക്ലബ്സ് ഓഫ് ഇന്ത്യയുടെ (എഫ്എംഎസ്സിഐ) പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്ന സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിംഗ് ലീഗ് (ഐഎസ്ആർഎൽ) ഉദ്ഘാടന സീസണിൽ ഇന്ത്യൻ താരങ്ങൾക്കൊപ്പം 85 വിദേശതാരങ്ങളും മത്സരിക്കും. യുഎസ്എ, സ്പെയിൻ, ഫ്രാൻസ്, ജർമനി, സ്വീഡൻ, ദക്ഷിണാഫ്രിക്ക, ഓസ്ട്രേലിയ, തായ്ലാൻഡ്, ഇന്തോനേഷ്യ എന്നിവിടങ്ങളിലെ ചാമ്പ്യന്മാരായ റൈഡർമാർ ഇതിനകം താര ലേലത്തിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

നാലുതവണ ദക്ഷിണാഫ്രിക്കൻ ചാമ്പ്യനായ ആന്റണി റെയ്നാർഡ്, 2022 പ്രിൻസ് ഓഫ് പാരീസ് ഗ്രിഗറി അരാന്ത, രണ്ട് തവണ യൂറോപ്യൻ/ഫ്രഞ്ച് വൈസ് ചാമ്പ്യൻ തോമസ് റാമറ്റ് തുടങ്ങിയ താരങ്ങൾ 450സിസി ഇന്റർനാഷണണൽ റൈഡർ ലേലത്തിലും, അഞ്ചുതവണ സ്പെയിൻ റീജിയണൽ ചാമ്പ്യനായ ഗിലൻ അൽബിസുവ ഫ്യൂന്റസ്, ഓസ്ട്രേലിയയിൽ നിന്നുള്ള കാലേബ് ഗൗലെറ്റ്, യുഎസ്എയിൽ നിന്നുള്ള ബ്ലെയ്ക്ക് ആഷ്‌ലി എന്നിവർ 250സിസി ഇന്റർനാഷണൽ റൈഡർ ലേലത്തിലും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇന്ത്യൻ നാഷണൽ ചാമ്പ്യൻ റഗവേദ് ബർഗുജെ, രണ്ട് തവണ ഇന്തോനേഷ്യ ചാമ്പ്യനായ ആനന്ദ റിജി ആദിത്യ, ഇരുവട്ടം തായ്‌ലൻഡ് ചാമ്പ്യനായ ബെൻപ്രസിത് ഹാൾഗ്രെൻ എന്നിവരാണ് 250സിസി ഇന്ത്യ-ഏഷ്യ മിക്സ് റൈഡർ ലേലത്തിൽ ചേർന്ന പ്രമുഖർ. പ്രമുഖ താരങ്ങളുടെ വരവ് ടീം ഉടമകൾക്ക് അവരുടെ സ്വപ്ന ടീമുകളെ ഇഷ്ടാനുസൃതം ഒരുക്കാൻ അവസരം നൽകും. റൈഡർ പൂളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 64 റൈഡർമാരാണ് ഉദ്ഘാടന സീസണിൽ പങ്കെടുക്കുക. ഇതിൽ 20 യുവ ഇന്ത്യൻ റൈഡർമാരും ഉൾപ്പെടും. ഇതുവരെ 5 ടീമുകളുടെ പ്രഖ്യാപനമാണ് ലീഗിൽ നടന്നത്. വരും ദിവസങ്ങളിൽ കൂടുതൽ ടീമുകളെ പ്രഖ്യാപിക്കും. 450സിസി ഇന്റർനാഷണൽ, 250സിസി ഇന്റർനാഷണൽ, 250സിസി ഇന്ത്യ-ഏഷ്യ മിക്സ്, 85സിസി ജൂനിയർ ക്ലാസ് എന്നിങ്ങനെ നാല് റേസിങ് വിഭാഗങ്ങളിലായി രാജ്യത്തെ മൂന്ന് നഗരങ്ങളിലായാണ് ഉദ്ഘാടന സീസൺ അരങ്ങേറുക.

## ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റുകളുടെ വാർഷിക സമ്മേളനം

**തിരുവനന്തപുരം:** സങ്കീർണ ഹൃദ്രോഗങ്ങൾ രോഗങ്ങൾ കൈകാര്യം ചെയ്യുന്ന ഹൃദ്രോഗവിദഗ്ധരുടെ സംഘടനയായ ഇന്റർവെൻഷണൽ കാർഡിയോളജി കൗൺസിൽ ഓഫ് കേരളയുടെ (ഐസിസികെ) വാർഷിക സമ്മേളനം ഒക്ടോബർ 13 മുതൽ 15 വരെ ഹയാത്ത് റീജൻസിയിൽ നടക്കും.ഹൃദയാഘാതത്തിനും മറ്റ് നിരവധി ഹൃദ്രോഗങ്ങൾക്കും ഏറ്റവും ഫലപ്രദവും ഫലപ്രദവുമായ രോഗനിർണയചികിത്സാ രീതിയായി ലോകമെമ്പാടും സ്വീകരിച്ചിട്ടുള്ളത് കത്തീറ്റർ അധിഷ്ഠിത ചികിത്സകളാണെന്ന് ഓർഗനൈസിംഗ് സെക്രട്ടറി ഡോ.അഭിലാഷ് എസ്.പി പറഞ്ഞു.

ഹൃദയാഘാതത്തിനും , കൊറോണറി ആർട്ടറി രോഗങ്ങൾ, ഹൃദയ വാൽവ് കുഴപ്പങ്ങൾ, ഹൃദയത്തിന്റെ പ്രവർത്തന വൈകല്യങ്ങൾ, കൈകാലുകളിലേക്കുള്ള രക്തയോട്ടം കുറയ്ക്കുന്ന പെരിഫറൽ വാസ്കുലർ രോഗങ്ങൾ എന്നിങ്ങനെയുള്ള പല അവസ്ഥകൾക്കും തുറന്നുള്ള ശസ്ത്രക്രിയ ഇല്ലാതെ ഇന്റർവെൻഷണൽ കാർഡിയോളജി ചികിത്സ നൽകുന്നു, അദ്ദേഹം പറഞ്ഞു.ഐ.സി.സി.കെ പ്രസിഡന്റ് ഡോ.പ്രതാപകുമാർ എൻ ശനിയാഴ്ച സമ്മേളനം ഉദ്ഘാടനം ചെയ്യും. വൈസ് പ്രസിഡന്റും സയന്റിഫിക് സെഷൻ ചെയർമാനുമായ ഡോ.ആശിഷ് കുമാർ എം, സെക്രട്ടറി ഡോ.സി ഡി രാമകൃഷ്ണ, ഓർഗനൈസിങ് ചെയർമാൻ ഡോ.എ.ജോർജ് കോശി, ഓർഗനൈസിങ് സെക്രട്ടറി ഡോ.അഭിലാഷ് എസ്.പി, ഡോ.രാജേഷ് മുരളീധരൻ എന്നിവർ സംസാരിക്കും.ഹൃദ്രോഗ ചികിത്സയിൽ ഘടനാപരവും സങ്കീർണ്ണവുമായ കത്തീറ്റർ നടപടിക്രമങ്ങൾ വിവിധ ശാസ്ത്ര സെഷനുകളിൽ സംസ്ഥാനത്തുടനീളമുള്ള വിദഗ്ധർ വിശദീകരിക്കും, ഐസിസികെ പ്രസിഡന്റ് ഡോ.പ്രതാപകുമാർ എൻ പറഞ്ഞു.സങ്കീർണ്ണമായ സ്റ്റെന്റിംഗ് ടെക്നിക്കുകളെക്കുറിച്ചും, കൊറോണറി ധമനികൾ പൂർണ്ണമായും അടയുന്ന ടോട്ടൽ ഒക്ലൂഷനുകളെക്കുറിച്ചും പ്രത്യേക സെഷനുകൾ നടക്കും, ഡോ. പ്രതാപ് കുമാർ പറഞ്ഞു.ഹൃദയധമനികളിലെ ബ്ലോക്കുകളുടെ കാഠിന്യം വിലയിരുത്തുന്ന എഫ് എഫ്ആർ (ഫ്രാക്ഷണൽ ഫ്ലോ റിസർവ്) കൂടാതെ, രക്തക്കുഴലുകളുടെ ഉൾവശം ദൃശ്യവൽക്കരിക്കുന്ന ഒപ്റ്റിക്കൽ കോഹറൻസ് ടോമോഗ്രാഫി (ഛഇഠ), ഇൻട്രാവാസ്കുലർ അൾട്രാസൗണ്ട് (കഢഡട) എന്നിവയെക്കുറിച്ചുള്ള സെഷനുകളും സമ്മേളനത്തിൽ ഉൾപ്പെടും.സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഇരുനൂറ്റി അൻപതോളം ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റുകൾ സമ്മേളനത്തിൽ പങ്കെടുക്കും

## ബജാജ് അലയൻസ് ലൈഫ് എയ്സ് പദ്ധതി അവതരിപ്പിച്ചു

**കൊച്ചി:** ബജാജ് അലയൻസ് ലൈഫ് എയ്സ് പദ്ധതി അവതരിപ്പിച്ചു. ആഗ്രഹിക്കുന്ന വരുമാനം, വരുമാനം ആരംഭിക്കുന്ന വർഷം, വരുമാനത്തിൻറെ കാലയളവ് തുടങ്ങിയ തീരുമാനിക്കുകയും കാലാവധിക്കു ശേഷമുള്ള ആനുകൂല്യങ്ങൾ ക്രമീകരിക്കുകയും ചെയ്യാൻ ഈ നോൺ ലിങ്ക്ഡ് പാർട്ടിസിപേറ്റിങ് വ്യക്തിഗത ലൈഫ് ഇൻഷൂറൻസ് സേവിങ്സ് പദ്ധതി അവസരം നൽകുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.പ്രീമിയം അടക്കുന്നതും വരുമാനം ലഭിക്കുന്നതുമായ കാലയളവും തുകയും തെരഞ്ഞെടുക്കാൻ ഇതിൽ അവസരമുണ്ട്. ജീവിത പരിരക്ഷയ്ക്കു പുറമെ 100 വയസു വരെ വരുമാനവും ഇതിൽ ലഭ്യമാക്കും. പോളിസിയുടെ ആദ്യ മാസം മുതൽ തുടങ്ങി എന്ന രീതിയിൽ വരെ വരുമാനം സ്വീകരിക്കാനാവും. ഒരു വർഷം മുതൽ അഞ്ചു വർഷം വരെ വരുമാനം ലഭിക്കുന്നതു നീട്ടി വെക്കാനുമാകും.


LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS | TRUSTED since 2007 | 15 YEAR GUARANTEE | 100% CUSTOMER SATISFACTION GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOWROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663